# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 മാർച്ച് 2 | ദീപം 56 | നാളം 1 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# മാനവികതയിൽ വളരണോ മാതൃഭാഷ അറിയണം



ഡോ. സ്മിത കെ. നായർ

വൈവിധ്യമാർന്ന ഭാഷാസംസ്കാരങ്ങളുടെ ഒരു സങ്കലനമാണ് ഇന്ത്യ എന്ന ബഹുഭാഷാരാഷ്ട്രം. ഓരോ ഭാഷയും ഓരോ സംസ്കാരത്തെ പ്രതിനിധീകരിക്കുന്നു. ഭാഷയെന്നത് ആശയവിനിമയോപാധി മാത്രമല്ല സാംസ്കാരികോപാധി കൂടിയാണ്. ഭാഷയിലൂടെയാണ് മനുഷ്യന്റെ സാമൂഹിക, സാംസ്കാരികബോധം രൂപപ്പെടുന്നത്. അക്ഷരാർഥത്തിൽ മനുഷ്യന്റെതന്നെ രൂപപ്പെടൽ ഭാഷയിലൂടെയാണ്. നിരവധി പ്രദേശങ്ങളിൽ സംസാരഭാഷയായി ഉപയോഗിക്കുന്നതും സാഹിത്യസമ്പത്തുള്ളതുമായ ഭാഷകൾമുതൽ വളരെ ചെറിയ ജനവിഭാഗങ്ങൾ സംസാരിക്കുന്ന ലിപിയില്ലാത്ത ഭാഷകൾവരെ ഇത്തരത്തിൽ സാംസ്കാരിക വിനിമയോപാധിയായി വർത്തിക്കുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഭരണപരവും സാമൂഹികവുമായ ഏകീകരണത്തിനും വികാസത്തിനും പ്രധാന വെല്ലുവിളിയായത് ഭാഷാപരമായ വൈവിധ്യം തന്നെയായിരുന്നു. ഹിന്ദി ദേശീയഭാഷയാക്കാനുള്ള ശ്രമങ്ങളും അതിനോടുള്ള അഹിന്ദി പ്രദേശങ്ങളുടെ എതിർപ്പും പ്രാദേശികതലത്തിൽ ഭാഷാസമരങ്ങൾക്കു വഴിയൊരുക്കി. അഹിന്ദിപ്രദേശങ്ങളിൽനിന്നുള്ളവരുടെ ആവശ്യമുൾക്കൊണ്ട് 15 വർഷത്തേക്ക് ഇന്ത്യയിൽ ഇംഗ്ലീഷ് ഔദ്യോഗികഭാഷയായി തുടരുമെന്ന് 1950 ൽ ഇന്ത്യൻ ഭരണഘടന അംഗീകരിച്ചു. പതിനഞ്ചു വർഷത്തിനുശേഷം, അതായത്, 1965 ൽ ഇംഗ്ലീഷ് ഒഴിവാക്കണമെന്നും പകരം ഹിന്ദി ഭരണഭാഷയായി മാറണമെന്നുമുള്ള നിർദേശം അഹിന്ദിപ്രദേശങ്ങളിൽ ഹിന്ദിവിരോധത്തിനും പ്രാദേശികഭാഷാസമരങ്ങൾക്കും വഴിതെളിയിച്ചു. ഇതിന്റെ ഭാഗമായി ആന്ധ്രാപ്രദേശിൽ നടന്ന ഭാഷാസമരങ്ങൾക്കൊടുവിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവത്കരിക്കാൻ തീരുമാനമുണ്ടാക്കുകയും 1953 ൽ ആന്ധ്രാപ്രദേശ് എന്ന ഭാഷാസംസ്ഥാനത്തിന്റെ പ്രാഥമികരൂപവത്കരണം സംഭവിക്കുകയും ചെയ്തു. തുടർന്ന്, ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവത്കരിക്കുകയെന്നത് നയപരമായ തീരുമാനമായി ഏറ്റെടുത്ത് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ വിശദമായ പഠനം നടത്തുകയും ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവത്കരിക്കാനുള്ള രൂപരേഖ തയ്യാറാക്കുകയും 1956 ൽ വിവിധ സംസ്ഥാനങ്ങൾ രൂപവത്കരിക്കപ്പെടുകയും ചെയ്തു. ഇത്തരത്തിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവത്കരിക്കുക എന്ന നയത്തിന്റെ ഭാഗമായാണ് തിരു-കൊച്ചി-മലബാർ പ്രദേശങ്ങൾ ചേർന്ന് 1956 ൽ കേരളസംസ്ഥാനം രൂപംകൊണ്ടത്.

ഇന്ത്യ ഒരു ബഹുഭാഷാരാഷ്ട്രമാണെന്നു വിലയിരുത്തി ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽ ഭാഷകളെ പ്രാധാന്യമനുസരിച്ച് പട്ടികപ്പെടുത്തി. ഓരോ സംസ്ഥാനങ്ങളിലെയും ഔദ്യോഗികഭാഷയായി കരുതപ്പെടാൻപോന്ന, ലിപിയുള്ള, ഭൂരിഭാഗം ജനങ്ങളുടെയും സംവേദനമാധ്യമമായ ഭാഷകളാണ് ഇതിൽ ഉൾപ്പെടുത്തിയത്. പ്രാദേശികഭാഷകളെ ഔദ്യോഗികഭാഷയായി രൂപപ്പെടുത്തുക, ഭാഷകളുടെ സംവേദനപരവും ഭരണപരവും വിദ്യാഭ്യാസപരവുമായ വികാസം സാധ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളിലൂന്നിയാണ് ഭാഷകളെ ഇത്തരത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ഇത് ന്യൂനപക്ഷഭാഷകളുടെ നിലനില്പിനുതന്നെ വെല്ലുവിളിയായി മാറി. ഒരു രാജ്യത്തിന്റെ വികസനപ്രക്രിയയിൽ ഭാഷയ്ക്കു വളരെയധികം പ്രാധാന്യമുണ്ട്. ഭാഷ ജീവനോപാധികൂടിയാവണം. അതായത്, സ്വന്തം ഭാഷകൊണ്ട് ഒരാൾക്കു ജീവിതത്തിൽ ഔദ്യോഗികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ വ്യത്യസ്ത ധർമങ്ങളെ നിർവഹിക്കാൻ കഴിയണം. പട്ടികയിലുള്ളവ, ഇല്ലാത്തവ എന്ന തരംതിരിവ് ആദിവാസിഭാഷകൾ ഉൾപ്പെടുന്ന ന്യൂനപക്ഷഭാഷകളുടെ സാമൂഹികമായ പ്രാധാന്യം ഇല്ലാതാക്കുകയും അവയിൽ ഭൂരിഭാഗം ഭാഷകളും വംശനാശഭീഷണി നേരിടുന്നതിനു കാരണമാകുകയും ചെയ്തു. എന്നാൽ, മറുഭാഗത്ത് 8-ാം പട്ടികയിലുൾപ്പെടുത്തിയ ഭാഷകൾക്കും കാര്യമായ പുരോഗതിയുണ്ടായി എന്നു പറയാനാവില്ല.

2011 ലെ സെൻസസ് അനുസരിച്ച്, 1369 ഭാഷകൾ ഇന്ത്യയിൽ മാതൃഭാഷയായി സംസാരിക്കുന്നുണ്ട്. ഈ ഭാഷകളെ ഭാഷാപരമായി വിശകലനം ചെയ്തും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വർഗീകരിച്ചും പതിനായിരമോ അതിനു മുകളിലോ ആളുകൾ സംസാരിക്കുന്ന ഭാഷകൾ അഖിലേന്ത്യാടിസ്ഥാനത്തിൽ അനുയോജ്യമായ ഭാഷകൾക്കു കീഴിൽ പട്ടികപ്പെടുത്തിയുമാണ് ഭാഷകളുടെ എണ്ണം 121 ആയി പരിമിതപ്പെടുത്തിയത്. ഇന്ത്യൻ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന 22 ഭാഷകളും എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത 99 മറ്റു ഭാഷകളും ചേർന്നതാണ് ഈ 121 ഭാഷകൾ. 1961 സെൻസസ്പ്രകാരം, 1600 മാതൃഭാഷകൾ ഉണ്ടായിരുന്നത് 2011 സെൻസസ് ആയപ്പോഴേക്കും 1369 ൽ എത്തിയെന്നതും ശ്രദ്ധിക്കേണ്ട വസ്തുതയാണ്. ഭാഷയെ സംബന്ധിച്ച ഇത്തരം കണക്കുകൾ അടിസ്ഥാനപരമായി ധ്വനിപ്പിക്കുന്ന ചിലതുണ്ട്. ഒറ്റനോട്ടത്തിൽ നിസ്സാരമെന്നു തോന്നാമെങ്കിലും വളരെ ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ട ചില ഭാഷാപ്രശ്നങ്ങളിലേക്കാണ് ഇത്തരം കണക്കുകൾ വിരൽചൂണ്ടുന്നത്.

ഭാഷ, ഭാഷാഭേദം എന്നിവ നിർവചിക്കപ്പെടുന്നത് ഭാഷാശാസ്ത്രപരം എന്നതിലുപരി രാഷ്ട്രീയപരമായ കാരണങ്ങളുടെകൂടി അടിസ്ഥാനത്തിലായി മാറി. ഭാഷയെന്നത് സമൂഹത്തിൽ അഭിമാനത്തിന്റെ രൂപമായി മാറി. ഒരു വലിയ ഭൂവിഭാഗത്ത് സംസാരിക്കുന്ന മേലാളിത്തഭാഷയായി അതു മാറിയിരിക്കുന്നു. അധികാരത്തിന്റെ പിന്തുണയില്ലാത്ത പ്രാദേശികഭാഷകളെ ഭാഷ എന്ന ഗണത്തിൽപ്പോലും പെടുത്തുന്നില്ല. ഭാഷാശാസ്ത്രപരമായി വ്യത്യസ്തഭാഷകളായി കണക്കാക്കാൻ കഴിയുന്ന ഭാഷകൾപോലും ഇത്തരത്തിൽ രാഷ്ട്രീയപരമായി അവഗണിക്കപ്പെടുന്നു. ഇത് ഭാഷകളുടെ പ്രയോഗസാധ്യത കുറയ്ക്കുന്നതിനും ക്രമേണ അന്യംനിന്നു പോകുന്നതിനും കാരണമാകുന്നു. യുനെസ്കോയുടെ റിപ്പോർട്ടുപ്രകാരം, ലോകത്ത് ഏറ്റവും കൂടുതൽ വംശനാശഭീഷണി നേരിടുന്ന ഭാഷകൾ ഇന്ന് ഇന്ത്യയിലാണുള്ളത്. 196 ഭാഷകളാണ് ഇന്ത്യയിൽ വംശനാശഭീഷണി നേരിടുന്നത്. കുറഞ്ഞത് പതിനായിരം പേരെങ്കിലും ഉപയോഗിച്ചാൽ മാത്രമേ മാതൃഭാഷയായി കണക്കാക്കൂ എന്നതാണ് സെൻസസിന്റെ ഭാഷാകണക്കെടുപ്പുമാനദണ്ഡം. ഇത് ആദിവാസിഭാഷകൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷഭാഷകളെ സംബന്ധിച്ചിടത്തോളം വലിയൊരു സംഖ്യയാണ്. പതിനായിരം പേർ സംസാരിക്കുന്ന ഭാഷ എന്ന നിബന്ധന ഈ ഭാഷകളെ സംബന്ധിച്ചിടത്തോളം പ്രതികൂലഘടകമായി വർത്തിക്കുന്നു. മറ്റു ഭാഷകൾ സംസാരിക്കുന്നവർ എന്ന പേരിൽ ഏതാണ്ട് 19 ലക്ഷം പേർ ഇന്ത്യയിലുണ്ട്. അവർ സംസാരിക്കുന്ന ഭാഷകൾക്കു പേരില്ല. വർഗീകരിക്കാത്ത മറ്റുഭാഷകൾ (അൺക്ലാസിഫൈഡ് അദർ ലാംഗ്വേജസ്) എന്നാണ് ഇവയെ പൊതുവായി പറയപ്പെടുന്നത്. വംശനാശഭീഷണി നേരിടുന്ന ഭാഷകളെ ഒരു ഭാഷയായിപ്പോലും ഉൾപ്പെടുത്താതിരിക്കുന്നത്, പേരില്ലാത്ത ഭാഷകളായി അവ മാറുന്നത് അവയെ ഇല്ലാതാക്കുന്നതിനു തുല്യമാണ്.

ഇന്ത്യയിലെ ആദിവാസിഭാഷകൾ ഉൾപ്പെടെയുള്ളവ നേരിടുന്ന ഭാഷാപരമായ അവഗണന ഇതിന് ഉദാഹരണമാണ്. സ്വതന്ത്രഭാഷകളായിരുന്നിട്ടും ആദിവാസിഭാഷകൾ എപ്പോഴും അതതു പ്രദേശത്തെ പട്ടികഭാഷകളുടെ ഭാഷാഭേദമായിട്ടാണ് രേഖപ്പെടുത്തിവരുന്നത്. ഭാഷകർക്ക് പരസ്പരം പറയുന്നതു മനസ്സിലാകുമ്പോൾകൂടിയാണ് അത് ഭാഷാഭേദമായി വരിക എന്നിങ്ങനെയുള്ള സാമാന്യമാനദണ്ഡങ്ങൾപോലും ഇവിടെ ബാധകമാകുന്നില്ല. അതുകൊണ്ടുതന്നെ, ആദിവാസിഭാഷകൾ ഉപയോഗിക്കുന്നവരുടെ എണ്ണം ഇന്ന് വളരെയധികം കുറഞ്ഞുവരുന്നു. ആദിവാസിഭാഷകൾ മാതൃഭാഷയായുള്ള കുട്ടികൾ സ്കൂളിലെത്തുമ്പോൾ അവർ പൊതുധാരയുടെ ഭാഗമാവുകയും പ്രസ്തുത പ്രദേശത്തെ പട്ടികയിലുൾപ്പെട്ട ഭാഷ അവരുടെ മാതൃഭാഷയായി മാറുകയും ചെയ്യുന്നു.

▶5

# തീക്ഷ്ണാനുഭവങ്ങളുടെ തീജ്ജ്വാലകൾ




ഡോ. പീറ്റർ കൊച്ചാലുങ്കൽ സി. എം. ഐ.

'മീനച്ചിലാറും ഓർമകളും' വായിച്ചപ്പോൾ ചിലയിടങ്ങളിൽ വച്ചു ഞാൻ വായന നിർത്തി. കണ്ണീർ വരുമ്പോൾ അക്ഷരങ്ങളുടെ വെളിച്ചം നഷ്ടപ്പെടുമല്ലോ. അങ്ങനെ പല പ്രാവശ്യം എന്റെ അക്ഷരവെളിച്ചം കെടുത്തിയ ഒരു പുസ്തകത്തെപ്പറ്റിയാണ് ഞാൻ എഴുതുന്നത്. അത് എഴുതാനുള്ള ധാർമികാവകാശം എനിക്കില്ലെന്നറിയാം. എങ്കിലും, എന്റെ വായനാനുഭവം കുറിക്കുകയാണ് ഇവിടെ. ഈ പുസ്തകത്തിലെ ഓരോ സംഭവവും ധ്യാനവിഷയമായിരുന്നു എനിക്ക്. ഓരോ അധ്യായത്തിനുശേഷവും ഉള്ളംകൈയിൽ മുഖം അപ്പാടെ ഒളിപ്പിച്ചുവയ്ക്കുകയായിരുന്നു ഞാൻ. എന്തോ ആഴമായ ഒരു വേദന എന്നെ അങ്ങനെ ചെയ്യാൻ പ്രേരിപ്പിക്കുന്നുണ്ടായിരുന്നു. എന്തായാലും സ്വസ്ഥത കെടുത്തിയൊരു തീപോലുള്ള പുസ്തകമാണിത്.

ജോളിയും നിമ്മിയും എന്ന ഈ രണ്ടു മനുഷ്യർക്ക് അഞ്ഞൂറു പേജിൽ എഴുതിവച്ചിരിക്കുന്ന ഈ തീക്കട്ട ഇപ്പോഴും സന്തോഷം കൊടുത്തില്ലെങ്കിലേ അദ്ഭുതമുള്ളൂ. പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതും അതിനേക്കാൾ അനേകം ഇരട്ടിയും കൊച്ചുമനുഷ്യർക്കുവേണ്ടി ജീവിച്ച ഇവർ ഈ ചെറിയ ജീവിതത്തിൽ മറ്റെന്തെങ്കിലും ചിന്തിച്ചിട്ടുണ്ടാവുമോ, ഈ പാവം മനുഷ്യരെപ്പറ്റിയല്ലാതെ? ചിന്തിച്ചിരുന്നെങ്കിൽ ഇത്രയും മനുഷ്യർക്ക് ജീവൻ കൊടുക്കാൻ ഇവർക്കു കഴിയുമായിരുന്നില്ല.

കഥയെഴുതാൻ എളുപ്പമാണ്. ജീവിതം എഴുതാൻ ജീവൻ കൊടുക്കണം. ഈ പുസ്തകം ജീവിതം കൊടുത്തവരുടെ കഥയാണ്. പക്ഷേ, ഈ കഥയ്ക്കു രക്തവും മാംസവുമുണ്ടെന്നുമാത്രം. ഓരോ ദിവസവും സൂര്യോദയത്തിൽ എത്രമാത്രം പേരായിരിക്കും ഇവരുടെ മുഖം മനസ്സിൽ കണ്ടുണരുന്നത്? ഇവരുടെ പേരുകൾ അവനവൻ വിശ്വസിക്കുന്ന ദൈവരൂപങ്ങളിൽ നോക്കി ഉരുവിടുന്നത്? ഇതിൽ കൂടുതൽ എന്തുവേണം ഇവർക്ക് ഹൃദയം നിറഞ്ഞു സന്തോഷിക്കാൻ? ശേഖറിന്റെ ക്രിസ്മസ്കാർഡിനെപ്പറ്റി ഇരുപത്തൊന്നാം അധ്യായത്തിൽ പറഞ്ഞിട്ടുണ്ട്. അവർക്ക് കിട്ടിയ ഏറ്റവും വലിയ അവാർഡ് ആണെന്ന്. അതിനു നൊബേൽ സമ്മാനത്തെക്കാൾ വിലയുണ്ടെന്നു തോന്നും ഈ പുസ്തകം വായിച്ചുകഴിയുമ്പോൾ.

കാഴ്ചപ്പാടിനെ മാറ്റാൻ പറ്റുന്ന ഒരു ഗ്രന്ഥമാണ് ഇതെന്ന തോന്നലാണ് എനിക്കുള്ളത്. കാഴ്ചപ്പാട് എന്നു പറഞ്ഞാൽ ജീവിതത്തിൽ മാറ്റം സംഭവിക്കാൻ തുടക്കമിടുന്നത് എന്നാണ് അതിന്റെ ആദ്യത്തെ അർഥം. മാറ്റത്തിന് എവിടെയെങ്കിലും ഒരു തുടക്കമിടണമല്ലോ? 'മീനച്ചിലാറും ഓർമകളും' അതിനു സഹായകരമായ ഒന്നാണ്. ഇതിൽ പറഞ്ഞിരിക്കുന്ന ഓരോ സംഭവങ്ങളും ഓരോ ജീവിതമാണ്, ഓരോ ആയുസ്സാണ്. ഇതുപോലുള്ള ഒന്നോ രണ്ടോ കാര്യങ്ങൾ നമ്മൾ തൊണ്ണൂറ്റിയൊൻപതു ശതമാനം പേരും കണ്ടിട്ടുണ്ടാകും, അനുഭവിച്ചിട്ടുണ്ടാവില്ല. അതിൽ ചിലത് അവരെ മാറ്റത്തിനു സഹായിച്ചിട്ടുണ്ടാകാം. പക്ഷേ, അഞ്ഞൂറുപേജിൽപ്പോലും കൊള്ളാത്തത്ര അനുഭവങ്ങളുടെ, ജീവിതങ്ങളുടെ, വേദനകളുടെ, സന്തോഷങ്ങളുടെ ഈ





ഓർമച്ചെപ്പ് അസാധാരണമായ ഒന്നായി എനിക്കു തോന്നുന്നു. അതികഠിനചൂടിൽ കാലം തെറ്റി വരുന്ന ചില മനുഷ്യരാണ് കാലത്തിനൊപ്പം ഓടുന്ന നമ്മളെ ഇതുപോലെയും ചില മനുഷ്യർ നമുക്കു ചുറ്റുമുണ്ടെന്ന് ഓർമിപ്പിക്കുന്നത്.

ജീവിതത്തിൽ ചില ഇടവേളകൾ എല്ലാവർക്കും വേണം. ആ ഇടവേളകളിൽ ബോറടി മാറ്റാൻ അനുഭവങ്ങൾതേടി വഴിയോരങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും ആദിവാസിയിടങ്ങളിലും തഴയപ്പെട്ട മനുഷ്യരുടെ തഴച്ചിലിടങ്ങളായ ചേരികളിലും മൂക്കുപൊത്തി പോകുന്നവരെ ഞാൻ കണ്ടിട്ടുണ്ട്. ഞാനും അങ്ങനെ പോയിട്ടുണ്ട്. അത് അവനവന്റെ സംതൃപ്തിക്കുവേണ്ടിയാണ്. ജോളിയും നിമ്മിയും പിന്നെ ഇതുപോലെയുള്ള ചില ലക്ഷ്യബോധമില്ലാത്ത മനുഷ്യരും തങ്ങൾക്കു കിട്ടുന്ന സന്തോഷത്തെപ്രതിയല്ല, ഒന്നുമില്ലാതെ കിടന്നുറങ്ങുന്നവർക്ക് എന്തോ കൊടുത്തു താരാട്ടി ഉറക്കാൻപോകുന്നവരാണ്. അവിടെ അവർ അവരുടെ സുഖമോ കുടുംബമോ സ്വത്തോ ഒന്നും കാണുന്നില്ല. വേദനിക്കുന്നവരുടെ വേദന മാത്രമേ കാണുന്നുള്ളൂ. അതിന്റെ നിറക്കൂട്ടിടാത്ത ചരിത്രമാണ് ഈ പുസ്തകം.

ഒരു ചെറിയ പ്രശ്നം ഉണ്ടാകുമ്പോൾ നമുക്കെല്ലാം അത് ലോകത്തിലെ ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നായിട്ടാണ് തോന്നാറുള്ളത്. ഈ പുസ്തകം വായിച്ചു മുന്നേറുമ്പോൾ നമുക്കു മനസ്സിലാകും, പ്രശ്നങ്ങൾ അത്ര ഒന്നുമല്ലെന്ന്. സുഖജീവിതം നയിക്കുന്നവർ എന്നു നമുക്കു തോന്നുന്നവരെല്ലാം അങ്ങനെയൊന്നുമല്ലായെന്നു നമുക്ക് ഈ പുസ്തകം പറഞ്ഞുതരുന്നു. സുഖം നമ്മൾ തന്നെ ഉണ്ടാക്കുന്നു, നമുക്കേ അതുണ്ടാക്കാൻ കഴിയൂ.

ചില കാര്യങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു 'മീനച്ചിലാറും ഓർമകളും'. ദൈവത്തോട് എല്ലാറ്റിലുമുപരി നന്ദിയുള്ളവരാകുക, ഇല്ലായ്മയിൽ ജീവിക്കുന്നവരിലേക്കു നോക്കുമ്പോൾ എങ്ങനെയാണ് നമുക്കുള്ളതിനെപ്പറ്റി തൃപ്തി വരാതിരിക്കുന്നത്? ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നവരിലേറെയും കിട്ടുന്നതുകൊണ്ടു സംതൃപ്തരും ഉള്ളതിൽനിന്നുപോലും ഇല്ലാത്തവർക്കു കൊടുക്കുന്നവരുമാണ്. തൃപ്തി നമ്മൾ ഉണ്ടാക്കുന്നവരാണ്. ഉള്ളതൊന്നും നമ്മളെ തൃപ്തരും സന്തോഷമുള്ളവരും ആക്കണമെന്നില്ല. സ്വത്തിനുവേണ്ടി സകലമാന കള്ളത്തരവും കാണിച്ച് ഇട്ടുമൂടാൻ സ്വത്തുണ്ടാക്കുന്ന അനേകരെ നമുക്കറിയാം. ഇന്നു നമുക്കു ചുറ്റും പല കാരണങ്ങളാൽ വേദനയനുഭവിക്കുന്ന പലരും ഇത്തരക്കാരുടെ സൃഷ്ടിയാണ് എന്ന കാര്യം മറക്കരുത്. ഉറക്കഗുളിക കഴിച്ച് ഉറങ്ങുന്ന പാഴ്ജന്മങ്ങളാണ് ഇവരിൽ പലരും. എന്നാൽ, ഈ പുസ്തകത്തിലെ മനുഷ്യൻ എത്ര സന്തോഷത്തോടെ ജീവിക്കുന്നു. ഇത് ഒരു ഓർമപ്പെടുത്തലാണ്; ഞാൻ ഉണ്ടാക്കുന്ന സന്തോഷമേ എനിക്കു ബാക്കിയുള്ളൂ.

'മീനച്ചിലാറും ഓർമകളും' നമ്മുടെ ജീവിതത്തിൽ കണ്ടുമുട്ടുന്ന ചിലരെ വരച്ചുകാട്ടുന്നു. നമുക്കുചുറ്റും ഇങ്ങനെ ചിലരുണ്ട് എന്നു സമൂഹത്തിന്റെ മനഃസാക്ഷി നമ്മെ ഓർമപ്പെടുത്തുന്നു. അതിനാൽ, ഈ പുസ്തകത്തെ സമൂഹത്തിന്റെ നന്മയുടെ കണ്ണാടിയായിക്കരുതാം. നമ്മൾ ഓരോ ദിവസവും വലിച്ചെറിയുന്ന ഒരൊറ്റ ചോറുമണിയാണെങ്കിൽപ്പോലും അതിനുള്ള അവകാശികൾ നമുക്കു ചുറ്റുമുണ്ട്. പ്രായമായവർ മക്കളെ പഠിപ്പിക്കേണ്ട ഒരു പാഠമുണ്ട്. 'ചോറിനോരോന്നിനും കണ്ണീരിന്റെ രൂപമാണ് ദൈവം കൊടുത്തിരിക്കുന്നത്.' കൈയിലുള്ള പണം കൊടുത്ത് അരി വാങ്ങി ചോറാക്കി തിന്നുകയും പാത്രത്തിനു ചുറ്റും തൂവിക്കളഞ്ഞു നശിപ്പിക്കുകയും അനാവശ്യമായി കുപ്പക്കുഴിയിൽ നിക്ഷേപിക്കുകയും ചെയ്യുമ്പോൾ ഒന്നോർക്കണം: അതു നിന്റെ ചോറല്ല, അവകാശി ദാ, ഈ പുസ്തകത്തിലെ ഓരോ താളിലും വിശന്നിരിപ്പുണ്ട്. നീ അവർക്ക് അവകാശപ്പെട്ട ചോറാണ് തട്ടിയെടുത്തു തിന്നത്, കളഞ്ഞത്, നശിപ്പിച്ചത്. അർഹതപ്പെട്ടവരുടെ കണ്ണീരാണ് നശിപ്പിക്കപ്പെടുന്ന ഓരോ അരിയും.

'മീനച്ചിലാറും ഓർമകളും വായനക്കാർക്ക് നൊമ്പരങ്ങൾ ഉണ്ടാക്കട്ടെ – അതാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ആ നൊമ്പരം സ്നേഹവും കരുണയുമായി പുറത്തുവരട്ടെ. ഇവ രണ്ടും ഒരാളിൽ വന്നാൽ തനിക്കായി മാത്രം ജീവിക്കാനാവില്ല. അയാൾ സമൂഹത്തിന്റെ പൊതുസ്വത്തായി മാറും. വിശുദ്ധ മദർ തെരേസയെപ്പോലെ ജോളിയും നിമ്മിയും സമൂഹത്തിന്റെ പൊതുസ്വത്തായി മാറിയിരിക്കുന്നു. ഒരു സുപ്രഭാതത്തിൽ സംഭവിച്ചതൊന്നുമല്ലത്. അവർ ഇതെല്ലാം കണ്ട് നൊമ്പരപ്പെട്ട്, അടുത്ത്, എടുത്ത്, കൊടുത്ത് ജീവിച്ച് ഇങ്ങനെയായവരാണ്. അതിന്റെ ചരിത്രമാണ് 'മീനച്ചിലാറും ഓർമകളും.' അവരുടെയും ഈ കൊച്ചുമനുഷ്യരുടെയും ജീവിതം ധന്യമാകട്ടെ; എല്ലാവർക്കും ഈ പുസ്തകം പ്രചോദനവുമാകട്ടെ.

**ഗ്രന്ഥകർത്താക്കൾ : ജോളി – നിമ്മി**
**പ്രസാധനം: ഐറിൻ ബുക്സ്, കോഴിക്കോട്,**
**വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ**
**വില : ₹ 500**



# ആരോഗ്യസുരക്ഷയ്ക്ക് നിതാന്തജാഗ്രത അനിവാര്യം മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: ജീവിതശൈലീരോഗങ്ങളും പുതിയ പകർച്ചവ്യാധികളും വർധിച്ചുവരുന്ന ഈ സമയത്ത് ആരോഗ്യസുരക്ഷയുടെ കാര്യത്തിൽ നിതാന്തജാഗ്രത അനിവാര്യമാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട്. കാരിത്താസ് ഇന്ത്യയുടെ ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി രൂപംകൊടുത്തിരിക്കുന്ന സുകർമസേനയുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു ബിഷപ്. ചേർപ്പുങ്കൽ മെഡിസിറ്റി ആശുപത്രിയുടെ സംഭാവന ഈ രംഗത്ത് വളരെ മഹത്തരമാണെന്നും കാൻസർ രോഗഗവേഷണകേന്ദ്രം മെഡിസിറ്റിയിൽ ആരംഭിക്കാനുള്ള നടപടി മുന്നോട്ടുപോകുന്നതായും ബിഷപ് കല്ലറങ്ങാട്ട് പറഞ്ഞു.

അഗ്രിമ മാർക്കറ്റ് ഓഡിറ്റോറിയത്തിൽ നടന്ന പ്രസ്തുത സമ്മേളനത്തിൽ പിഎസ്ഡബ്ല്യുഎസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ചു.

കാരിത്താസ് ഇന്ത്യ ദേശീയ ഡയറക്ടർ ഫാ. പോൾ മുഞ്ഞേലി, മുനിസിപ്പൽ കൗൺസിലർ വി.സി. പ്രിൻസ്, പിഎസ്ഡബ്ല്യുഎസ് സാരഥികളായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ജോർജ് വടക്കേതൊട്ടിയിൽ, ഡാന്റീസ് കൂനാനിക്കൽ, മെർലി ജയിംസ് തുടങ്ങിയവർ പ്രസംഗിച്ചു.

കാൻസർരോഗചികിത്സാർഥമുള്ള സഹായധനത്തിന്റെയും പച്ചക്കറിത്തൈകളുടെയും വിതരണോദ്ഘാടനവും മില്ലറ്റ് എക്സ്പോയുടെ പോസ്റ്റർ പ്രകാശനവും മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ജീവിതശൈലീബോധവത്കരണസെമിനാറിന് ചേർപ്പുങ്കൽ മെഡിസിറ്റിയിലെ ഡോ. വിഷ്ണു മോഹൻ നേതൃത്വം നൽകി.

സിബി കണിയാംപടി, വിമൽ കദളിക്കാട്ടിൽ, മാനുവൽ ആലാനി, ജോയി മടിക്കാങ്കൽ, ജോസ് നെല്ലിയാനി, ജോയി വട്ടക്കുന്നേൽ, ജസ്റ്റിൻ ജോസഫ്, സൗമ്യ ജയിംസ്, ആലീസ് ജോർജ്, ഷീബാ ബെന്നി, അനു റജി തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

# പുകഞ്ഞുനീറുന്ന 'ചാര' ബലൂണുകൾ




തോമസ് കുഴിഞ്ഞാലിൽ

ഊതിവീർപ്പിച്ച ബലൂണുകൾ മുകളിലേക്കിട്ടു തട്ടിക്കളിക്കുന്നത് കൊച്ചുകുട്ടികൾക്ക് ഇഷ്ടപ്പെട്ട വിനോദങ്ങളിലൊന്നാണ്. കളിക്കുന്നതിനിടെ തറയിൽവീണ് ബലൂണുകൾ പൊട്ടുമ്പോഴുണ്ടാകുന്ന ഉഗ്രൻശബ്ദം പേടിപ്പെടുത്തുമെങ്കിലും അതിലും ഒരു പ്രത്യേക രസം കുട്ടികൾ കണ്ടെത്തുന്നുണ്ട്. എന്നാൽ, ഏറ്റവും അപകടകാരിയായ കളിക്കോപ്പായി ബലൂണുകൾ മാറുന്ന സാഹചര്യങ്ങളും വാർത്തകളിൽ ഇടംപിടിച്ചിട്ടുള്ളത് ഓർമിക്കുന്നു. പൊട്ടിച്ചിതറിയ ബലൂണുകളുടെ കഷണങ്ങൾ ഊതിവീർപ്പിക്കുമ്പോഴോ, വായിലിട്ടു ചവയ്ക്കുമ്പോഴോ തൊണ്ടയിൽ കുരുങ്ങി കുട്ടികൾ മരണത്തിനു കീഴടങ്ങേണ്ടിവന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്.

ഇപ്പോഴിതാ പുതിയൊരു ബലൂൺകഥ വാർത്തകളിൽ നിറഞ്ഞിരിക്കുന്നു. ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കിയേക്കാവുന്ന ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ കൊച്ചുകുട്ടികളല്ല, പിന്നെയോ ലോകത്തിലെ ഏറ്റവും ശക്തവും സമ്പന്നവുമായ രണ്ടു രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാരാണെന്ന വ്യത്യാസമുണ്ട്. ഏതാനും ദിവസങ്ങളായി വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിനു മുകളിലൂടെ അങ്ങുമിങ്ങും പറന്നുനടന്ന ഒരജ്ഞാതബലൂണിനെച്ചൊല്ലിയായിരുന്നു അവരുടെ വാഗ്വാദം. അതു ശത്രുരാജ്യമായ ചൈനയുടെ ചാരബലൂണാണെന്നു സൂക്ഷ്മനിരീക്ഷണത്തിലൂടെ തിരിച്ചറിഞ്ഞ യു എസ് പ്രസിഡന്റ് ജോ ബൈഡൻ ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങിനെ പേരെടുത്തു പറഞ്ഞാണ് പ്രതിഷേധമറിയിച്ചത്: "ചൈനയുടെ ഈ നടപടി ഞങ്ങളുടെ രാജ്യത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുന്നതും അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനവുമാണ്. ഈ സാഹചര്യത്തിലും ലോകനന്മയെക്കരുതി ചൈനയോടൊപ്പം സഹകരിക്കാൻ ഞങ്ങൾ ഒരുക്കമാണ്. മത്സരം നല്ലതുതന്നെ, എന്നാൽ, ഏറ്റുമുട്ടൽ ഞങ്ങളുടെ നയത്തിന്റെ ഭാഗമല്ല."

ബലൂണിനെക്കുറിച്ചുള്ള വാർത്തകൾ ലോകമെങ്ങും പ്രചരിക്കുമ്പോഴും മൗനം ദീക്ഷിച്ച ചൈനയുടെ വിദേശമന്ത്രാലയം ഒടുവിൽ അതിന്റെ ഉടമസ്ഥാവകാശം സ്ഥിരീകരിച്ചുകൊണ്ട് ഇപ്രകാരമാണ് പ്രതികരിച്ചത്: "ഒരു രാജ്യത്തിന്റെയും പരമാധികാരത്തെയോ അന്താരാഷ്ട്രനിയമങ്ങളെയോ ഞങ്ങൾ ചോദ്യം ചെയ്തിട്ടില്ല. കാലാവസ്ഥാനിരീക്ഷണത്തിനായി ഞങ്ങളുടെ രാജ്യത്തുനിന്നു പറത്തിവിട്ട ബലൂൺ നിശ്ചിതദിശയിൽനിന്നു വഴിതെറ്റി അമേരിക്കൻ ഭൂഖണ്ഡത്തിൽ എത്തിയതാകാം. പരിമിതമായ നിയന്ത്രണസംവിധാനങ്ങളും പ്രതികൂല കാലാവസ്ഥയും മൂലം ബലൂൺ അകലങ്ങളിലേക്കു പറന്നുപോവുകയായിരുന്നു. അപ്രതീക്ഷിതവും യാദൃച്ഛികവുമായ ഈ സംഭവത്തിൽ ഞങ്ങൾ ഖേദിക്കുന്നു."

ചൈനയുടെ അവകാശവാദങ്ങളും ക്ഷമാപണവും പുച്ഛിച്ചുതള്ളിയ അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസികൾ 60,000 അടി ഉയരത്തിൽ പറന്നുനീങ്ങിയ ബലൂണിനെ മിസൈലയച്ചു തകർത്തുകളയാൻ പ്രസിഡന്റ് ജോ ബൈഡന്റെ അനുമതി തേടി. വിശാലമായ പസിഫിക് സമുദ്രത്തിലൂടെ വടക്കുകിഴക്കായി 15,500 കിലോമീറ്റർ ദൂരം സഞ്ചരിച്ച് അലാസ്കയ്ക്കും കാനഡയ്ക്കും മുകളിലൂടെ തെക്കോട്ടു നീങ്ങി യു എസ് സംസ്ഥാനമായ മൊണ്ടാനയുടെ അറ്റ്ലാന്റിക് സമുദ്രതീരത്തെത്തിയ ബലൂണിനെ മിസൈലയച്ചു വീഴ്ത്താൻ ബൈഡനു രണ്ടുവട്ടം ചിന്തിക്കേണ്ടിവന്നു. ഒന്ന്, തന്റെ തീരുമാനം ഷി ജിൻപിങ്ങിനെ പ്രകോപിതനാക്കിയേക്കും. രണ്ട്, തകർന്നുവീഴുന്ന ബലൂണിന്റെ അവശിഷ്ടങ്ങൾ ജനവാസമേഖലയിൽ പതിച്ച് ആൾനാശം സംഭവിച്ചുകൂടാ. ഒടുവിൽ, ചൈനയുടെ നടപടിയിൽ കടുത്ത അമർഷം രേഖപ്പെടുത്തിയ സെനറ്റർമാരുടെയും ജനപ്രതിനിധികളുടെയും സമർദ്ദത്തിനു വഴങ്ങിയ ജോ ബൈഡൻ ബലൂണിനു നേർക്ക് മിസൈലയയ്ക്കാൻ ഉത്തരവിടുകയായിരുന്നു. ഇതിനിടയിൽ സൗത്ത് കരോലിന സംസ്ഥാനത്തിന്റെ കിഴക്കുള്ള അറ്റ്ലാന്റിക് സമുദ്രത്തിനു മുകളിലെത്തിയ ബലൂണിനുനേരേ എഫ് 22 ഫൈറ്റർ ജെറ്റിൽനിന്ന് ഫെബ്രുവരി 4-ാം തീയതി പ്രാദേശികസമയം ഉച്ചകഴിഞ്ഞ് 2.39 ന് എയിം 9 എക്സ് സൈഡ് വൈൻഡർ മിസൈൽ അയയ്ക്കുകയായിരുന്നു. യു എസിന്റെ ഏറ്റവും ആധുനിക ഫൈറ്റർ ജെറ്റായ എഫ് 22,58,000 അടി ഉയരത്തിൽ പറന്നെത്തിയാണു ലക്ഷ്യം കണ്ടത്.



സമുദ്രത്തിലേക്കു വീണ ബലൂണിന്റെ അവശിഷ്ടങ്ങൾ പരിശോധിച്ചപ്പോൾ ക്യാമറകളും ഇലക്ട്രോണിക് ഉപകരണങ്ങളും സോളാർ പാനലുകളും കണ്ടെത്തി. സന്ദേശങ്ങൾ സ്വീകരിക്കാനുതകുന്ന അനേകം ആന്റിനകൾ ബലൂൺ ഉറപ്പിച്ചിരുന്ന തറയിൽനിന്നു പുറത്തേക്കു നീണ്ടുനില്ക്കുന്നുണ്ടായിരുന്നു. കരയിലെത്തിച്ച ബലൂണിന്റെ വലുപ്പം അളന്നുതിട്ടപ്പെടുത്തിയ സൈനികമേധാവികൾ അക്ഷരാർഥത്തിൽ ഞെട്ടിയെന്നതാണ് യാഥാർഥ്യം. ഒരു ജെറ്റുവിമാനം വഹിക്കുന്നത്ര ഭാരം കയറ്റാവുന്ന വലുപ്പം! വായുവിൽ നിവർന്നുനില്ക്കുമ്പോൾ 200 അടി ഉയരം! (യു എസിലെ സ്റ്റാച്യു ഓഫ് ലിബർട്ടിയെക്കാൾ അധികം ഉയരം). അവശിഷ്ടങ്ങളുടെ വിശദമായ പരിശോധന വെർജീനിയയിലെ എഫ് ബി ഐ ആസ്ഥാനത്തുള്ള ലബോറട്ടറിയിൽ നടന്നുവരുന്നു.

അമേരിക്കയുടെ ആകാശാതിർത്തിയിൽ ജനുവരി 28 നു പ്രവേശിച്ച ചാരബലൂണിനു പിന്നാലെയെത്തിയ മൂന്നെണ്ണം കൂടി അമേരിക്കയുടെ യുദ്ധവിമാനങ്ങൾ വെടിവച്ചിട്ടു. അലാസ്കയുടെ മുകളിലൂടെ നീങ്ങിയ രണ്ടാമത്തെ ബലൂണിനെ ഫെബ്രുവരി 10 നും കനേഡിയൻ അതിർത്തിയിലെത്തിയ മൂന്നാമത്തെ ബലൂണിനെ ഫെബ്രുവരി 12 നും, നാലാമതെത്തിയ മറ്റൊന്നിനെ അതിനടുത്ത ദിവസവും വെടിവച്ചു വീഴ്ത്തി. ആദ്യത്തേതൊഴിച്ചുള്ള മൂന്നെണ്ണം ചാരബലൂണുകളാണോയെന്നു സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. താരതമ്യേന താഴ്ന്ന ഉയരത്തിൽ നീങ്ങിയിരുന്നതിനാലാണ് മൂന്നെണ്ണത്തെയും തിടുക്കത്തിൽ വീഴ്ത്തിയത്. യാത്രാവിമാനങ്ങളുടെ സഞ്ചാരപാതയിൽ തടസ്സം സൃഷ്ടിക്കാതിരിക്കുകയായിരുന്നു ലക്ഷ്യം. യാത്രാവിമാനങ്ങൾ 30,000 - 40,000 അടി ഉയരത്തിലാണ് പറക്കുക. (ശരാശരി ഉയരം 36,000 അടി).

ഇതിനിടെ, കഴിഞ്ഞവർഷം ജനുവരി 22 നുശേഷം തങ്ങളുടെ ആകാശാതിർത്തിയിലേക്ക് 10 ലധികം ചാരബലൂണുകൾ യു എസ് അയച്ചതായി ചൈന കുറ്റപ്പെടുത്തി. അനുവാദമില്ലാതെ തങ്ങളുടെ രാജ്യത്തിനു മുകളിലൂടെ പറന്നുനടന്ന ബലൂണുകളെ നശിപ്പിക്കാതിരുന്നത് മര്യാദകൊണ്ടുമാത്രമാണെന്നും ചൈനീസ് വിദേശകാര്യവക്താവ് പറഞ്ഞു. തങ്ങളോടും ഇതേ സമീപനം സ്വീകരിക്കുമെന്ന വിശ്വാസമാണ് ബൈഡൻ ഭരണകൂടം അട്ടിമറിച്ചത്.

ചാരബലൂണുകൾ ആകാശത്തു പ്രത്യക്ഷപ്പെട്ടിട്ടുള്ള മുൻ അനുഭവങ്ങൾ അമേരിക്കൻ രഹസ്യാന്വേഷണോദ്യോഗസ്ഥർ മാധ്യമപ്രവർത്തകരുമായി പങ്കുവച്ചു. ഇതിൽ ഒരു സംഭവം മുൻ യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭരണകാലത്താണ് നടന്നിട്ടുള്ളത്. 2020 ലും 2021 ലും ജപ്പാന്റെ ആകാശാതിർത്തിയിലും, 2022 ൽ ഇന്ത്യൻ കേന്ദ്രഭരണപ്രദേശമായ ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്കു മുകളിലും ബലൂണുകൾ എത്തിയിരുന്നു. എന്നാൽ, ശൂന്യാകാശത്ത് ഭൂമിയെ വലംവയ്ക്കുന്ന സാറ്റലൈറ്റുകൾ ശേഖരിക്കുന്നത്ര കൃത്യതയുള്ള വിവരങ്ങൾ ബലൂണുകൾക്കു കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ അവയെ നശിപ്പിക്കുന്നതിൽ വലിയ അർഥമില്ലെന്ന ചിന്തയാണ് അവയെ വെറുതെ വിടാൻ മൂന്നു രാജ്യങ്ങളെയും പ്രേരിപ്പിച്ചത്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാനിടയായാൽ കടുത്ത നടപടികൾ സ്വീകരിക്കാൻ ജപ്പാനും ഇന്ത്യയും അടക്കമുള്ള രാജ്യങ്ങൾ തുനിഞ്ഞേക്കുമെന്നു നിരീക്ഷിക്കുന്നവരുണ്ട്. ചൈനയുടെ ചാരബലൂൺ അമേരിക്കയിലെത്തുംമുമ്പ് 40 രാജ്യങ്ങളുടെയെങ്കിലും രഹസ്യവിവരങ്ങൾ ശേഖരിച്ചിട്ടുണ്ടാകാമെന്നാണ് നിഗമനം.

ചാരബലൂണിനെച്ചൊല്ലിയുള്ള തർക്കങ്ങൾ മുറുകിയപ്പോൾ ഫെബ്രുവരി 6 മുതൽ നടത്താനിരുന്ന തന്റെ ചൈനാസന്ദർശനം റദ്ദാക്കിയ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ, ജർമനിയിലെ മ്യൂനിക്കിൽ വിളിച്ചുചേർത്ത 'മ്യൂനിക് സെക്യൂരിറ്റി കോൺഫറൻസി'ൽ വച്ച് പോളിറ്റ് ബ്യൂറോ അംഗവും മുൻ ചൈനീസ് വിദേശകാര്യമന്ത്രിയുമായ വാംഗ് യിയുമായി കണ്ടുമുട്ടി. വഴിതെറ്റി പറന്നെത്തിയ തങ്ങളുടെ ബലൂണിനെ മിസൈലയച്ചു വീഴ്ത്തിയ യു എസ് നടപടിയിൽ കുപിതനായിരുന്ന വാംഗ് യി ബ്ലിങ്കനോടായി ഇങ്ങനെ പറഞ്ഞു: "മറ്റു രാജ്യങ്ങളുടെ ആഭ്യന്തരരഹസ്യങ്ങൾ ചോർത്തിയെടുക്കുന്നതിൽ ഞങ്ങളേക്കാൾ മിടുക്കന്മാർ നിങ്ങളാണ്. നിങ്ങളുടെ ബലൂണുകൾ ഞങ്ങളുടെ ആകാശാതിർത്തിയിൽ എത്രയോ തവണ എത്തിയിട്ടുണ്ട്. രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ ഉലച്ചിൽ തട്ടാൻ നിങ്ങളുടെ പ്രവൃത്തികളാണ് കാരണം. ലോകത്തിനുമുമ്പിൽ ഞങ്ങളെ നീചരും കുറ്റക്കാരുമായി ചിത്രീകരിക്കുന്ന നിങ്ങളുടെ രീതി ഇനിയെങ്കിലും അവസാനിപ്പിക്കണം."

തന്റെ രാജ്യത്തെ കടുത്ത ഭാഷയിൽ വിമർശിച്ച വാംഗ് യിയ്ക്ക് ബ്ലിങ്കൻ നല്കിയ മറുപടി ഇപ്രകാരമായിരുന്നു: "ഞങ്ങളുടെ രാജ്യത്തിന്റെ രഹസ്യങ്ങൾ ചോർത്താൻ ചാരബലൂണയച്ച നിങ്ങളുടെ പ്രവൃത്തി അന്താരാഷ്ട്രനിയമങ്ങളുടെ ലംഘനവും ഞങ്ങളുടെ രാജ്യത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുന്നതുമാണ്. നിങ്ങളുടെ രാജ്യവുമായി ഒരു ഏറ്റുമുട്ടലിനോ പുതിയ ഒരു ശീതയുദ്ധത്തിനോ ഞങ്ങൾ തയ്യാറുമല്ല." യുക്രെയ്നുമേൽ റഷ്യ നടത്തിയ അധിനിവേശത്തെ നാളിതുവരെ അപലപിക്കാത്ത ചൈനയുടെ ഇരട്ടത്താപ്പിനെ പരാമർശിച്ച ആന്റണി ബ്ലിങ്കൻ, പരാജയഭീതിയിലായ റഷ്യയ്ക്ക് ആയുധങ്ങൾ നല്കി സഹായിക്കാനുള്ള ചൈനയുടെ രഹസ്യനീക്കത്തിനെതിരേ മുന്നറിയിപ്പു നല്കാനും മറന്നില്ല. ■



*ചൈനയുടെ ചാരബലൂൺ യു എസ് നേവി കണ്ടെടുക്കുന്നു.*

# ബനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ ആരാധനക്രമചൈതന്യം

നാലാം ഭാഗം

## സവിശേഷമായ ദിവ്യരഹസ്യപ്രബോധനങ്ങൾ

ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ

**8. ലിറ്റർജിയും സജീവഭാഗഭാഗിത്വവും**

ബോധപൂർവകവും ഭക്തിപൂർവകവും ഫലപ്രദവുമായി നമ്മൾ ലിറ്റർജിയിൽ പങ്കെടുക്കണമെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ ഉപദേശിക്കുന്നു (ലിറ്റർജി, നമ്പർ 48). ആരാധനക്രമത്തിൽ സജീവമായി പങ്കെടുക്കുമ്പോഴാണ് ക്രൈസ്തവജീവിതത്തിൽ ഒരുവൻ വളരുകയും ശക്തി പ്രാപിക്കുകയും ചെയ്യുന്നത്. അതുകൊണ്ടാണ് ദൈവാരാധന, പ്രത്യേകിച്ച് വിശുദ്ധകുർബാന, സഭയെ പടുത്തുയർത്തുന്നുവെന്നു പറയുന്നത്. വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറഞ്ഞ സജീവപങ്കാളിത്തം (Participatio auctuosa) എന്ന ചിന്തയ്ക്ക് അദ്ദേഹം ദൈവശാസ്ത്രപരമായ അടിസ്ഥാനം നല്കി. സജീവപങ്കാളിത്തമെന്നത് ആഘോഷിക്കപ്പെടുന്ന രഹസ്യത്തെക്കുറിച്ചുള്ള വർധിച്ച ബോധത്തിന്റെ അടിസ്ഥാനത്തിലും അതിന് അനുദിനജീവിതത്തോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലും മനസ്സിലാക്കണമെന്ന് 'സാക്രമെന്തും കാരിത്താത്തിസ്' എന്ന അപ്പസ്തോലികപ്രബോധനം ഓർമിപ്പിക്കുന്നു (നമ്പർ 52).

കുർബാനയിലെ സജീവഭാഗഭാഗിത്വത്തിനു ദിവ്യരഹസ്യപ്രബോധനം (mystagogical catechesis) ഉപകാരപ്രദമാണ്. വി. കുർബാനയിലെ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർഥം ഗ്രഹിക്കാൻ സാധിക്കാതെവരുന്നത് സജീവഭാഗഭാഗിത്വത്തെ തടസ്സപ്പെടുത്തും. ഇതിനു പരിഹാരമെന്നോണം ഇക്കാര്യങ്ങളെക്കുറിച്ചു കാലാനുസൃതമായി വിശ്വാസികളെ ബോധവത്കരിക്കണമെന്ന് ബനഡിക്റ്റ് പതിനാറാമൻ പാപ്പാ ആവശ്യപ്പെടുന്നു (Sacramentum Caritatis, 40). മൂന്നു കാര്യങ്ങളാണ് ദിവ്യരഹസ്യപ്രബോധനത്തിന്റെ സവിശേഷതകളായി പാപ്പാ സൂചിപ്പിക്കുന്നത്. ഒന്നാമതായി, സഭയുടെ സജീവപാരമ്പര്യത്തിനനുസൃതമായും രക്ഷാകരപദ്ധതിയുടെ വെളിച്ചത്തിലും ആരാധനാകർമങ്ങളെ വിശദീകരിക്കാൻ ദിവ്യരഹസ്യപ്രബോധനം സഹായകരമാണ്. രണ്ടാമതായി, കർമാനുഷ്ഠാനങ്ങളിൽ ഉൾച്ചേർന്നിരിക്കുന്ന അടയാളങ്ങളുടെ അർഥം വിശദീകരിക്കാൻ ദിവ്യരഹസ്യപ്രബോധനം ഉപകാരപ്രദമാണ്. സാങ്കേതികവിദ്യയുടെ ഈ കാലഘട്ടത്തിൽ വിശദീകരണമില്ലാതെ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർഥം ഗ്രഹിക്കാൻ സാധാരണവിശ്വാസികൾക്കു ബുദ്ധിമുട്ടാണ്. മൂന്നാമതായി, ആരാധനാകർമങ്ങളുടെ അർഥം ക്രിസ്തീയജീവിതവുമായി എപ്രകാരം ബന്ധിപ്പിക്കാമെന്ന് ഇതു വ്യക്തമാക്കുന്നു (Sacramentum Caritatis, 64). തങ്ങൾ ആഘോഷിക്കുന്നത് വ്യക്തിപരമായി ജീവിക്കാൻ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ ദിവ്യരഹസ്യപ്രബോധനപരിശീലനം വിശ്വാസികൾക്കു നല്കണം. മാത്രമല്ല, വിശ്വാസികളുടെ പ്രേഷിതപരമായ ദൗത്യവുമായി വി. കുർബാനയുടെ ആഘോഷം എപ്രകാരം ബന്ധപ്പെട്ടതാണെന്നു മനസ്സിലാക്കിക്കൊടുക്കാൻ ഇത് ഉപകാരപ്രദമാണ്.

ലിറ്റർജിയുടെ ശരിയായ ആഘോഷംതന്നെ വലിയ മതബോധനമാണെന്നു ബനഡിക്റ്റ് പാപ്പാ പഠിപ്പിച്ചു. ശരിയായി വിശുദ്ധ കുർബാന അർപ്പിക്കുക എന്നതുതന്നെ ജനത്തിന്റെ സജീവപങ്കാളിത്തം ഉറപ്പിക്കാനുള്ള മാർഗമാണെന്ന് 'സാക്രമെന്തും കാരിത്താത്തിസ്' പറയുന്നു (നമ്പർ, 38). ദിവ്യരഹസ്യങ്ങളെ ആഴത്തിൽ അറിയുകയും അവയെ ജീവിതവുമായി ബന്ധിപ്പിക്കുകയും ചെയ്യുമ്പോഴാണ് കുർബാനയിൽ നമ്മുടെ സജീവപങ്കാളിത്തം ഉറപ്പാകുന്നതെന്ന് 'ലിറ്റർജിയുടെ ചൈതന്യം' എന്ന ഗ്രന്ഥത്തിൽ ബനഡിക്റ്റ് പാപ്പാ രേഖപ്പെടുത്തുന്നു. നിരന്തരമായ മാനസാന്തരത്തിന്റെ ചൈതന്യം വിശ്വാസികളിൽ ഉണ്ടായിരിക്കണം. ഉപരിപ്ലവമായി കുർബാനയെ സമീപിച്ചാൽ സജീവപങ്കാളിത്തം സാധ്യമല്ല. ഉപവാസം, നിശ്ശബ്ദത, പ്രാർഥന, വി. ഗ്രന്ഥവായന, കുമ്പസാരം തുടങ്ങിയവയെല്ലാം സജീവപങ്കാളിത്തം ഉറപ്പുവരുത്താൻ വിശ്വാസികളെ സഹായിക്കുന്നുവെന്ന് 'സാക്രമെന്തും കാരിത്താത്തിസ്' പ്രസ്താവിക്കുന്നു (നമ്പർ, 55). ദൈവാലയത്തിന്റെ പവിത്രത, ബലിപീഠത്തിന്റെയും സക്രാരിയുടെയും സ്ഥാനം, തിരുപ്പാത്രങ്ങൾ, തിരുവസ്ത്രങ്ങൾ എന്നിവയുടെ ശുചിത്വം, ആരാധനക്രമഗീതങ്ങൾ എന്നിവയെല്ലാം ലിറ്റർജിയിൽ ദൈവജനത്തിന്റെ സജീവഭാഗിത്വം ഉറപ്പിക്കുന്ന ഘടകങ്ങളാണ്.

ആരാധനാക്രമസ്ഥലത്തിന്റെ ക്രമീകരണത്തിനു മതബോധനപരമായ ദൗത്യമുണ്ട്. ദൈവാലയത്തിലെ ശില്പകല, ചിത്രങ്ങൾ, ഐക്കണുകൾ തുടങ്ങിയവയ്ക്ക് നമ്മൾ വലിയ പ്രാധാന്യം നല്കണം. ആരാധനയുടെ ആഘോഷത്തിനാവശ്യമായ സൗകര്യങ്ങളുള്ള രീതിയിൽ ദൈവാലയങ്ങൾ വിദഗ്ധശില്പികളാൽ തയ്യാറാക്കപ്പെടണം. ആളുകൾ, ആംഗ്യങ്ങൾ, വാക്കുകൾ, വസ്തുക്കൾ തുടങ്ങിയ അടയാളങ്ങളെയും പ്രതീകങ്ങളെയും മനസ്സിലാക്കുന്നത് ലിറ്റർജിയിൽ സജീവമായി പങ്കുകൊള്ളാൻ നമ്മെ സഹായിക്കും. മിശിഹായുടെ രക്ഷാകരപദ്ധതിയുമായി ബന്ധപ്പെടുത്തി ആരാധനക്രമകർമങ്ങളെ വിശദീകരിക്കാനും മനസ്സിലാക്കാനും അടയാളങ്ങളും പ്രതീകങ്ങളും നമ്മെ സഹായിക്കുന്നു.

> **സഭയുടെ ആരാധനക്രമചൈതന്യത്തോടു ചേർന്നുനില്ക്കാനും അതനുസരിച്ചു നമ്മുടെ ക്രൈസ്തവജീവിതത്തെ ക്രമപ്പെടുത്താനും നമുക്കു പരിശ്രമിക്കാം. അൾത്താരയിലെ ഐക്യമാണ് സഭയിലെ ഐക്യത്തിനു നിദാനമെന്ന സത്യം മനസ്സിലാക്കി ഒരുമയോടെ സ്വർഗീയ ജറുസേലമിനെ ലക്ഷ്യമാക്കി യാത്ര ചെയ്യാം.**

**9. ആരാധനക്രമസംഗീതം**

'കർത്താവിനു പുതിയ ഒരു കീർത്തനം' (A New Song for the Lord) എന്ന തന്റെ ഗ്രന്ഥത്തിൽ ആരാധനക്രമസംഗീതത്തിന്റെ പ്രാധാന്യം പാപ്പാ വിവരിക്കുന്നു. പാപ്പായുടെ സഹോദരൻ ഫാ. ജോർജ് റാറ്റ്സിങ്ങർ റേഗൻസ്ബുർഗ് കത്തീഡ്രലിലെ ഗായകസംഘത്തലവനായിരുന്നുവെന്നതും ശ്രദ്ധേയമായ കാര്യമാണ്.

സാർവത്രികസഭയുടെ ആരാധനാക്രമസംഗീതപാരമ്പര്യം വിലമതിക്കാൻ കഴിയാത്ത ഒരു അമൂല്യനിധിയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസ്താവിക്കുന്നു (ആരാധനക്രമം, 112). വിശ്വാസിസമൂഹത്തിന്റെ ആരാധനയെ സഹായിക്കുന്ന തരത്തിലും സമൂഹത്തിന്റെ വിശ്വാസം പ്രകടിപ്പിക്കാൻ ഉതകുന്ന രീതിയിലുമായിരിക്കണം ആരാധനാക്രമസംഗീതം. ഇത് ആരാധനയുടെ ഒരു ഭാഗവും പ്രവൃത്തിയുമായി മനസ്സിലാക്കണം. ആരാധനക്രമഗീതങ്ങൾ പ്രധാനമായും മൂന്നു മാനദണ്ഡങ്ങൾ പാലിക്കണമെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം' അനുശാസിക്കുന്നു. പ്രാർഥനയെ പ്രകടമാക്കുന്ന സൗന്ദര്യം, സമൂഹത്തിന്റെ ഒന്നിച്ചുള്ള ആലാപനം, ക്രമാനുഷ്ഠാനത്തിന്റെ ആഘോഷപൂർവമായ സ്വഭാവം എന്നിവയാണവ (മതബോധനഗ്രന്ഥം, 1157).

ഗായകസംഘത്തിനു ലിറ്റർജിയുടെ ആഘോഷത്തിൽ നിർണായകമായ സ്ഥാനമുണ്ട്. ദൈവത്തെ അനുസ്യൂതം പാടിസ്തുതിക്കുന്ന സ്വർഗീയഗായകസംഘത്തിന്റെ പ്രതിനിധികളാണ് ലിറ്റർജിയുടെ ആഘോഷവേളയിൽ പങ്കുചേരുന്ന ഗായകസംഘം. ഒരേ സ്വരത്തിലും ഈണത്തിലും പ്രാർഥിച്ചും പാടിയും ഹൃദയങ്ങൾ തമ്മിലുള്ള ഐക്യത്തോടെ ആരാധനക്രമാഘോഷത്തിൽ പങ്കുചേരാൻ ആരാധനാസമൂഹത്തെ സഹായിക്കുകയെന്നതാണ് ഗായകസംഘങ്ങളുടെ സുപ്രധാനദൗത്യം. അവർ വിശ്വാസിസമൂഹത്തിന്റെ ഗാനാലാപനത്തെ ഏകോപിപ്പിക്കുകയും ഗാനങ്ങൾ തുടങ്ങിക്കൊടുക്കുകയും ചെയ്യണം.



സംഗീതത്തോടൊപ്പം നിശ്ശബ്ദതയ്ക്കും ലിറ്റർജിയിൽ പ്രാധാന്യമുണ്ട്. പലപ്പോഴും ആരാധനാസംഗീതം പ്രാർഥനയിൽനിന്നു ജന്മമെടുക്കുന്നില്ലെന്നുമാത്രമല്ല, കലാപരമായ അവകാശം എന്ന വാദഗതിയുയർത്തി ആരാധനക്രമത്തിൽനിന്ന് അകന്നുപോവുകയാണെന്ന് 'ലിറ്റർജിയുടെ ചൈതന്യം' എന്ന ഗ്രന്ഥത്തിൽ കർദിനാൾ ജോസഫ് റാറ്റ്സിങ്ങർ മുന്നറിയിപ്പു നല്കുന്നു. ആരാധനക്രമനിയമങ്ങൾ ഗാനരചനയിലും ഗാനാലാപനത്തിലും പാലിക്കുകയെന്നത് പ്രധാനപ്പെട്ടതാണ്. കാരണം, മനുഷ്യഹൃദയങ്ങളെ ദൈവത്തിലേക്കും ദൈവികകാര്യങ്ങളിലേക്കും ഉയർത്താൻ ഉതകുന്നതായിരിക്കണം ആരാധനക്രമസംഗീതം.

**ഉപസംഹാരം**

ബനഡിക്റ്റ് പതിനാറാമൻ പാപ്പാ തുടങ്ങിവച്ച ആരാധനക്രമനവീകരണദർശനങ്ങൾ നമ്മുടെ ലിറ്റർജിയിലും പ്രസക്തമാണ്. സഭയുടെ ആരാധനക്രമചൈതന്യത്തോടു ചേർന്നുനില്ക്കാനും അതനുസരിച്ചു നമ്മുടെ ക്രൈസ്തവജീവിതത്തെ ക്രമപ്പെടുത്താനും നമുക്കു പരിശ്രമിക്കാം. അൾത്താരയിലെ ഐക്യമാണ് സഭയിലെ ഐക്യത്തിനു നിദാനമെന്ന സത്യം മനസ്സിലാക്കി ഒരുമയോടെ സ്വർഗീയ ജറുസേലമിനെ ലക്ഷ്യമാക്കി യാത്രചെയ്യാം. ബനഡിക്റ്റ് പതിനാറാമൻ പാപ്പാ സ്വർഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. ബനഡിക്റ്റ് പാപ്പായുടെ ആത്മസുഹൃത്തായ കർദിനാൾ റോബർട്ട് സറാ തന്റെ 'ഗോഡ് ഓർ നത്തിങ്' (God or Nothing) എന്ന ഗ്രന്ഥത്തിലെഴുതിയ വാക്കുകൾ ഇത്തരുണത്തിൽ പ്രസക്തമാണ്: "ദൈവത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ വീക്ഷണത്തിന്റെ ആഴം പരിഗണിക്കുമ്പോൾ എനിക്കു നിശ്ചയമായും പറയാൻ സാധിക്കും - അതുതന്നെയാണ് എന്റെ പ്രതീക്ഷയും - ദൈവകൃപയാൽ ഒരു ദിവസം അദ്ദേഹം വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുകയും വണങ്ങപ്പെടുകയും തിരുസ്സഭയിലെ വേദപാരംഗതനായി അംഗീകരിക്കപ്പെടുകയും ചെയ്യും." അതേ, എത്രയും വേഗം, വിശുദ്ധപദത്തിലെത്തിച്ചേരാൻ ആ പുണ്യാത്മാവിനു കഴിയട്ടേയെന്നു പ്രാർഥിക്കുന്നു.

(അവസാനിച്ചു.)

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

കർത്താവേ, അങ്ങ് അകന്നിരിക്കരുതേ! എനിക്കു തുണയായവനേ, എന്റെ സഹായത്തിനു വേഗം വരണമേ!

സങ്കീർത്തനങ്ങൾ 22:19

**എഡിറ്റോറിയൽ**

# അവയവദാനം മഹത്തായ ജീവശുശ്രൂഷ

'ഡോക്ടറേ, അച്ഛന് എന്റെ കരൾ ചേരുമോ?' ജന്മം നല്കിയ പിതാവിന് കരൾ പകുത്തുനല്കി ധീരത കാട്ടിയ പതിനേഴുകാരി ദേവനന്ദ ഒരു കുടുംബത്തിനു മാത്രമല്ല, നാടിനാകെ പ്രതീക്ഷയും ആശ്വാസവും പകർന്നു. മാത്രമല്ല, രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാവായി ദേവനന്ദ ശ്രദ്ധ നേടുകയും സമൂഹത്തിന്റെ ആദരവിനും അഭിമാനത്തിനും പാത്രീഭൂതയാവുകയും ചെയ്തത് ദൈവനിയോഗം.

കാൻസർബാധിതനായ തൃശൂർ സ്വദേശി പി.ജി. പ്രതീഷിന്റെ (48) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അനുയോജ്യമായ കരൾ കിട്ടാതെ അലഞ്ഞപ്പോൾ മകൾ ദേവനന്ദയാണ് നിലവിലിരുന്ന നിയമത്തിന്റെ വേലിപൊളിച്ച് അച്ഛന്റെ ജീവനു തുണയായത്. പതിനെട്ടു വയസ്സു പൂർത്തിയാകാത്തവർക്ക് ഇന്ത്യയിൽ അവയവം ദാനം ചെയ്യാൻ നിയമം അനുവദിക്കുന്നില്ല. ദേവനന്ദ എന്ന കൊച്ചുമിടുക്കി സധൈര്യം ഇന്റർനെറ്റിൽ പരതി, സമാനമായ മറ്റൊരു കേസിൽ പ്രായപൂർത്തിയാകാത്ത കുട്ടിയുടെ അവയവദാനത്തിനു കോടതി അനുമതി നൽകിയിട്ടുണ്ടെന്നു കണ്ടെത്തി. (കോടതി അനുവദിച്ചെങ്കിലും ആ അവയവദാനം നടന്നില്ല.) ഒടുവിൽ, അച്ഛനെ രക്ഷിക്കാനുള്ള ദേവനന്ദയുടെ സാഹസികവും ത്യാഗപൂർണവുമായ തീരുമാനത്തിനു മുമ്പിൽ രാജ്യത്തെ നിയമം മുട്ടുമടക്കിയതു പുതിയ ചരിത്രം.

അവയവദാനവും അവയവമാറ്റത്തിലൂടെ ജീവൻ രക്ഷിക്കുന്ന സംഭവങ്ങളും കേട്ടും കണ്ടും വളരുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. മരണപ്പെട്ടവരുടെ കണ്ണും കരളും വൃക്കയും ഹൃദയവും മറ്റും മറ്റുള്ളവരിലൂടെ അമരത്വം പ്രാപിക്കുന്നതിനും നാമേവരും സാക്ഷികളാണ്. എന്നാൽ, ജീവിക്കുന്നവർതന്നെയും അവശ്യഘട്ടങ്ങളിൽ അവയവദാനത്തിനു തയ്യാറാകുന്നതും ജീവന്റെ സംരക്ഷകരാകുന്നതും കാലഘട്ടത്തിന്റെ പുണ്യമെന്നല്ലാതെ മറ്റൊന്നുമല്ല. ഇവിടെയാണ് പ്രായത്തെയും നിയമത്തെയും വെല്ലുവിളിച്ച് ദേവനന്ദ ധീരമാതൃക പകരുന്നതും.

മരണാനന്തര അവയവദാനത്തിനുള്ള ചട്ടങ്ങളിൽ കേന്ദ്ര ആരോഗ്യമന്ത്രാലയം ഈയിടെ വരുത്തിയ മാറ്റങ്ങളും സ്വാഗതാർഹമാണ്. അവയവം സ്വീകരിക്കുന്നതിൽ പ്രായപരിധി മാനദണ്ഡമാക്കേണ്ടതില്ല എന്നതാണ് ഭേദഗതിയിൽ പ്രധാനം. മരിച്ച ദാതാവിൽനിന്ന് അവയവങ്ങൾ സ്വീകരിക്കുന്നതിന് 65 വയസ്സും അതിൽ കൂടുതലുമുള്ള രോഗികൾക്കു രജിസ്റ്റർ ചെയ്യാം. അതായത്, സ്വീകർത്താക്കളുടെ ഉയർന്ന പ്രായപരിധിയായിരുന്ന 65 ഇപ്പോൾ എടുത്തുമാറ്റിയിരിക്കുന്നുവെന്നു ചുരുക്കം. ഉയർന്ന ആയുർദൈർഘ്യം കണക്കിലെടുത്തുകൂടിയാണ് ഈ പരിഷ്കാരമെന്നാണ് കേന്ദ്രത്തിന്റെ വിശദീകരണം. രാജ്യത്തെ ജനസംഖ്യാശാസ്ത്രം മാറ്റിമറിക്കുന്ന വിധത്തിൽ വയോജനങ്ങളുടെ എണ്ണം വർധിക്കുന്നതു പരിഗണനയിലെടുക്കണമല്ലോ. അതേസമയം, 'കൂടുതൽ വർഷങ്ങൾ ആരോഗ്യമുള്ളവരായി ജീവിക്കാൻ സാധ്യതയുള്ള' ചെറുപ്പക്കാർക്ക് മുൻഗണന നല്കുമെന്നും സർക്കാർ കൂട്ടിച്ചേർത്തു.

ജീവിതകാലത്തുതന്നെയോ മരണാനന്തരമോ അവയവങ്ങൾ ദാനം ചെയ്യുന്നതിന് കേന്ദ്ര - സംസ്ഥാനസർക്കാരുകളും സഭകളും സന്നദ്ധ സംഘടനകളും വലിയ പ്രചോദനവും പ്രോത്സാഹനവും നല്കേണ്ടതാണ്. ജീവിതകാലത്തുള്ള അവയവദാനത്തിന് അധികമാളുകളും തയ്യാറാകാത്തത് സ്വന്തം ആരോഗ്യത്തെക്കുറിച്ചുള്ള അനാവശ്യമായ ആശങ്കയും ഭയവുംമൂലമാണ്. അത് അകറ്റുന്നതിനു ബോധവത്കരണംതന്നെയാണ് പ്രധാന പ്രതിവിധി. ഒപ്പം, അവയവം ദാനം ചെയ്ത വ്യക്തികളുടെ തുറന്ന സാക്ഷ്യവും അവരുമായുള്ള സംവാദവും വലിയ ഗുണം പകരും. മാത്രമല്ല, മാതൃകാസമ്പന്നരായ അവരെ സമൂഹമധ്യത്തിൽ ആദരിക്കാനും അവരുടെ ത്യാഗത്തിനു വലിയ വില കല്പിക്കാനും സർക്കാരും പ്രസ്ഥാനങ്ങളും തയ്യാറാകുമ്പോൾ അതു ജനം ശ്രദ്ധിക്കും. പുതുതലമുറയ്ക്ക് അത് ആവേശവും പ്രത്യാശയും പകരുമെന്ന കാര്യത്തിലും സംശയമില്ല. മരണാനന്തരമുള്ള അവയവദാനത്തെ നിരുത്സാഹപ്പെടുത്തുന്നതിൽ വിശ്വാസസംബന്ധമായ പ്രശ്നങ്ങളും വ്യാഖ്യാനഭേദങ്ങളും ഉണ്ടാവാം. അവിടെയും ഉചിതമായ ബോധവത്കരണവും കൗൺസിലിങ്ങും നല്കാൻ ബന്ധപ്പെട്ടവർ തയ്യാറാകേണ്ടതാണ്.

അവയവമാറ്റശസ്ത്രക്രിയ കഴിഞ്ഞ പത്തുവർഷംകൊണ്ട് മൂന്നുമടങ്ങു വർധിച്ചെങ്കിലും ആവശ്യത്തിന്റെ അടുത്തൊന്നു മെത്താൻ നാളിതുവരെയും നമുക്കു സാധിച്ചിട്ടില്ല. ലഭ്യമായ ഔദ്യോഗികകണക്കുപ്രകാരം, 2013 ൽ 4990 അവയവമാറ്റശസ്ത്രക്രിയകൾ നടന്നപ്പോൾ, 2022 ൽ അത് 15,561 ആയി ഉയർന്നു. കഴിഞ്ഞ വർഷം ഒന്നര ലക്ഷത്തോളം രോഗികൾ വൃക്ക മാറ്റിവയ്ക്കാൻ അപേക്ഷകരായിരുന്നെങ്കിൽ, ലഭിച്ചതോ പതിനായിരം മാത്രം. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് എൺപതിനായിരം പേരുള്ളപ്പോൾ, ലഭ്യമായത് മൂവായിരം മാത്രം. ഹൃദയത്തിന് പതിനായിരം ആവശ്യക്കാരുണ്ടായപ്പോൾ, ലഭിച്ചതോ വെറും 250. അങ്ങനെ പോകുന്നു കണക്കുകളുടെ ശോചനീയമായ സ്ഥിതിവിവരങ്ങൾ.

അവയവദാനത്തിലും അവയവമാറ്റശസ്ത്രക്രിയയിലും നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട് ഏറ്റവും മുമ്പിലെത്തി ഇന്ത്യയ്ക്കു വഴികാട്ടുകയാണ്. ഇപ്പോൾ തമിഴ്നാട് ആരോഗ്യവകുപ്പിന്റെ സഹായത്തോടെയാണ് കേരളത്തിൽ അവയവദാന - അവയവമാറ്റപദ്ധതിയായി മൃതസഞ്ജീവനിക്കു തുടക്കമിട്ടിരിക്കുന്നത്. മൃതസഞ്ജീവനി കേരളത്തിൽ തുടങ്ങിയിട്ടു പത്തു വർഷം പിന്നിട്ടെങ്കിലും, കാര്യക്ഷമമായി പ്രവർത്തിക്കാൻ സർക്കാരിനായിട്ടില്ല. സാധാരണക്കാർക്ക് ഉപകരിക്കുംവിധം പൊതുമേഖലാ ആശുപത്രികളിലുംകൂടി ശസ്ത്രക്രിയാസംവിധാനം ഏർപ്പെടുത്താനും പ്രത്യേക ഗ്രാന്റ് നല്കി പ്രോത്സാഹിപ്പിക്കാനും സംസ്ഥാനസർക്കാർ ഫലപ്രദമായ തീരുമാനങ്ങളും നടപടികളും എടുക്കേണ്ടിയിരിക്കുന്നു.

# മാനവികതയിൽ വളരണം മാതൃഭാഷ അറിയണം

1-ാം പേജ് തുടർച്ച

കേരളത്തിലെ ആദിവാസി വിദ്യാർഥികളുടെ മാതൃഭാഷ മലയാളവും അതിർത്തിപ്രദേശങ്ങളിൽ മലയാളമോ തമിഴോ കന്നടയോ ആയി മാറിമാറിവരുന്നതും ഇത്തരത്തിൽ യഥാർഥഭാഷകളെ മറച്ചുവയ്ക്കുന്നു. ഒറീസയിൽ നിലവിലുള്ള 62 ആദിവാസിഭാഷകൾ കുട്ടികൾ സ്കൂളിലെത്തുമ്പോൾ ഒറിയ എന്ന ഒറ്റപ്പേരിലൊളിച്ച് അപ്രസക്തമാകുന്നു. ഇത്തരത്തിൽ അതിഭീതിദമായ ഒരു സാഹചര്യമാണ് മാതൃഭാഷകളെ സംബന്ധിച്ചു നിലനിൽക്കുന്നത്.

1957 ൽ ഭാഷാടിസ്ഥാനത്തിൽ കേരളസംസ്ഥാനം നിലവിൽവന്നശേഷം ജനാധിപത്യസംവിധാനത്തിൽ ആദ്യം തിരഞ്ഞെടുക്കപ്പെട്ട ഇ.എം.എസ്. സർക്കാരിന്റെ മുഖ്യോദ്ദേശ്യം ഭരണഭാഷ മലയാളമാക്കുക എന്നതായിരുന്നു. ഇതിനായി പഠനം നടത്താൻ ഇ.എം.എസ് സർക്കാർ 1957 ൽ തന്നെ കോമാട്ടിൽ അച്യുതമേനോന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചു.

കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റി, ജസ്റ്റീസ് നരേന്ദ്രൻ കമ്മിറ്റി, ഔദ്യോഗിക ഭാഷാസമിതി, വിവിധ നിയമസഭാസമിതികൾ എന്നിവയുടെ നിർദേശങ്ങളൊന്നുംതന്നെ ഔദ്യോഗികഭാഷ മലയാളമാക്കാനുള്ള ശ്രമങ്ങൾക്ക് ഊർജം പകർന്നില്ല.

2017 മേയ് 1 മുതൽ സെക്രട്ടേറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സ്വയംഭരണ സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗികഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കിക്കൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഭരണഭാഷാപ്രഖ്യാപനം നടത്തുകയും വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.

1957 മുതൽ നടന്ന നടപടിക്രമങ്ങളുടെയും ഭാഷാസ്നേഹികളുടെ പരിശ്രമങ്ങളുടെയും ഫലമായാണ് 2017 ൽ ഇത് സംഭവ്യമായത്. ഭാഷ ഭരണഭാഷയാകുമ്പോഴാണ്, ഭരണകാര്യങ്ങളിൽ സ്ഥാനം വഹിക്കുമ്പോഴാണ് ആ ഭാഷയ്ക്ക് സാമൂഹികമായി മൂല്യമുണ്ടാകുന്നത്. മലയാളഭാഷയുടെ കാര്യത്തിൽ ഏറ്റവും അർഥവത്തും ആശാവഹവുമായ ഒരു കാര്യമാണ് നിരന്തരപ്രവർത്തനങ്ങളുടെ ഫലമായുണ്ടായ ഔദ്യോഗികഭാഷാപ്രഖ്യാപനം എന്നുപറയാം. എങ്കിലും കോടതിഭാഷ മലയാളമാക്കാനുള്ള ശ്രമങ്ങൾ ഇതുവരെയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഔദ്യോഗികഭാഷ പൂർണമായും മലയാളമാക്കാനുള്ള കൂടുതൽ ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

# ഫാ. മൈക്കിൾ ജലഖ് പൗരസ്ത്യസഭ കാര്യാലയത്തിന്റെ സെക്രട്ടറി



വത്തിക്കാൻസിറ്റി: പൗരസ്ത്യ സഭാകാര്യാലയത്തിന്റെ സെക്രട്ടറിയായി മാരോണൈറ്റ് സഭാംഗമായ ഫാ. മൈക്കിൾ ജലഖിനെ ഫ്രാൻസിസ് പാപ്പാ നിയമിച്ചു. ലെബനോനിലെ ബാബ്ദയിലുള്ള അന്റോണൈൻ യൂണിവേഴ്സിറ്റിയുടെ റെക്ടറായി സേവനം ചെയ്തുവരികയായിരുന്നു അദ്ദേഹം. 1966 ഓഗസ്റ്റ് 27-ന് ബൗച്രിയിൽ ജനിച്ച ജലാഖ്, 1983 ഓഗസ്റ്റ് 15 ന് അന്റോണിയൻ മാരോണൈറ്റ് സന്ന്യാസസമൂഹത്തിൽ വ്രതവാഗ്ദാനം നടത്തി. 1991 ഏപ്രിൽ 21 ന് വൈദികനായി അഭിഷിക്തനായി.

2000 ഡിസംബർമുതൽ 2008 ജൂലൈവരെ പൗരസ്ത്യസഭാകാര്യാലയത്തിൽ സെക്രട്ടേറിയൽ അറ്റാഷെയായി സേവനമനുഷ്ഠിച്ചിരുന്നു. 2008 ൽ റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് സഭാശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. 2013 മുതൽ 2018 വരെ മിഡിൽ ഈസ്റ്റ് കൗൺസിൽ ഓഫ് ചർച്ചസ് സെക്രട്ടറി ജനറലായും പ്രവർത്തിച്ചിട്ടുണ്ട്. 2017 ൽ അന്റോണൈൻ യൂണിവേഴ്സിറ്റിയിൽ റെക്ടറായി നിയമിതനായി.

കഴിഞ്ഞ വർഷം നവംബർ 21 നാണ് ഫ്രാൻസിസ് മാർപാപ്പാ, പൗരസ്ത്യസഭകൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പുതിയ പ്രീഫെക്ടായി ആർച്ചുബിഷപ് ക്ലോഡിയോ ഗുഗെറോട്ടിയെ നിയമിച്ചത്. ഇക്കഴിഞ്ഞ ജനുവരി 16 ന് ഉത്തരവാദിത്വം ഏറ്റെടുത്ത ആർച്ചുബിഷപ് ക്ലോഡിയോയോടൊപ്പമാണ് കാര്യാലയ സെക്രട്ടറിയായി ഫാ. മൈക്കിൾ ജലഖ് പ്രവർത്തിക്കുന്നത്.

# സ്വർണക്കുരിശ്

ബാലനോവൽ | രണ്ട് | രാമപുരം മണി

കുന്നത്തുവീട്ടുകാരുടെ ഭൂമിയിൽ കൃഷിപ്പണിയിലേർപ്പെട്ടിരിക്കുകയാണു ജോസഫ്. കുന്നത്തു ശേഖരൻതമ്പിയുടെ വക തെങ്ങിൻതോപ്പാണ്. നൂറുകണക്കിനു തെങ്ങുകൾ. എല്ലാറ്റിനും നന്നായി തടമെടുത്ത് വളമിട്ടു കൊടുക്കണം. എന്നാലേ കാലാകാലങ്ങളിൽ നല്ല കായ്ഫലമുണ്ടാകൂ. ശേഖരൻതമ്പി കുടയും ചൂടി പണിക്കാർ ജോലി ചെയ്യുന്നതു നോക്കി നിൽക്കുന്നുണ്ട്. ജോസഫിനെക്കൂടാതെ വേറെയും ഏതാനും പണിക്കാരുണ്ട് തെങ്ങിൻതോപ്പിൽ.

"ജോസഫേ, നന്നായി തടമെടുത്തോളൂട്ടോ."

"ഓ... അങ്ങനെയാവട്ടെ."

''കൊച്ചുരാമാ, നിന്നോടുംകൂടിയാ പറഞ്ഞത്."

"ഞാനും കേട്ടേ നല്ല ഒന്നാന്തരം തടമെടുത്തോളാമേ..."

"ശരി ശരി. എല്ലാം നിങ്ങൾ നന്നായിച്ചെയ്യുമെന്നെനിക്കറിയാം. ന്നാലും ഞാൻ വെറുതെ ഒന്നോർമിപ്പിച്ചൂന്നു മാത്രം. വെറുതെ ഈ പറമ്പിൽക്കൂടി കൊടയും ചൂടി നടക്കുവല്ലേ ഞാൻ. ജന്മി... മുതലാളി എന്നൊക്കെയുള്ള വിളി പണ്ടുണ്ടായിരുന്നു. ഞാനതൊക്കെ നിർത്തിച്ചു. പണിക്കാരെല്ലാം എന്നെ ചേട്ടാന്നോ അമ്മാവാന്നോ ഒക്കെ വിളിച്ചാ മതി. ചിലരെന്നെ 'തമ്പിയദ്യം' എന്നു വിളിക്കുന്നുണ്ട്. ഈ വിളിയെനിക്കിഷ്ടമാടോ." കുന്നത്തു ശേഖരൻതമ്പി പണിക്കാർക്കു സമീപം ഒരു നിമിഷം നിന്നു. കൈയിലിരുന്ന കുട താഴെവച്ചു. മുണ്ട് ഒന്നു മുറുക്കിയുടുത്തു. ഷർട്ടിന്റെ ബട്ടൺസ് ഒരെണ്ണം തുറന്നിട്ടു. നെഞ്ചിലേക്കൊന്നൂതി.

''നല്ല ചൂട് അല്ലേ ശേഖരേട്ടാ?" കൊച്ചുരാമൻ ചോദിച്ചു.

"അതേടാ ഭയങ്കരചൂട്. നിങ്ങക്കൊന്നും ചൂടേക്കുന്നില്ലേ..."

''പണിക്കാർക്കെന്തു ചൂട് തമ്പിയദ്യം. പണി ചെയ്യുമ്പം ഞങ്ങളു ചൂടറിയാറില്ല. അല്ലേ കൊച്ചുരാമാ."

"ശരിയാ... ജോസഫേട്ടാ."

''കാപ്പി കുടിക്കാറായോ ജോസഫേ."

"എത്ര മണിയായിക്കാണും?"

"പത്തര."

"എന്നാ നമ്മക്കു കഴിച്ചാലോ കൊച്ചുരാമാ.'

"ആവാം."

"വന്നോളൂ." ശേഖരൻതമ്പി മുമ്പേ നടന്നു. ജോസഫും കൊച്ചുരാമനും കുഞ്ഞുചെറുക്കനും പിന്നാലെ ചെന്ന് പൈപ്പു വെള്ളത്തിൽ കൈകൾ കഴുകി



വൃത്തിയുള്ള ഒരു സ്ഥലത്തിരുന്നു.

ഒരു പാത്രത്തിൽ മരച്ചീനിപ്പുഴുക്കും ഉണക്കമീൻകറിയുമുണ്ടായിരുന്നു. മറ്റൊരു പാത്രത്തിൽ തേങ്ങാച്ചമ്മന്തി. അതു ശേഖരൻതമ്പിക്കുവേണ്ടിയാണ്. അദ്ദേഹം രാവിലെ മീൻകറി കൂട്ടുകയില്ല. ഉച്ചയ്ക്കും വൈകിട്ടുമൊക്കെക്കഴിക്കും.

"ജോസഫേ, വിളമ്പിക്കോ." ശേഖരൻതമ്പി പണിക്കാർക്കു സമീപം തന്നെയിരുന്നു.

"ശേഖരേട്ടനു വല്ല ദോശയോ ഇഡ്ഢലിയോ രാവിലെ കഴിക്കരുതായിരുന്നോ?'' കൊച്ചുരാമനാണു ചോദിച്ചത്.

"ഓ എന്നും തിന്നുന്നതല്ലേ അതൊക്കെ. വല്ലപ്പഴും നിങ്ങളോടൊപ്പമിരുന്ന് കുറച്ചു പുഴുക്കു തിന്നുന്നതൊരു സുഖമാടോ."

ജോസഫ് പുഴുക്കും മീൻകറിയും വിളമ്പി. ശേഖരൻതമ്പിക്കു മാത്രം ചമ്മന്തി വിളമ്പി.

''ചമ്മന്തി നിങ്ങക്കും എടുക്കാം."

"തമ്പിയദ്യം മീങ്കറി കൂട്ടത്തില്യോ." കൊച്ചുചെറുക്കനാണു ചോദിച്ചത്.

"രാവിലെ മാത്രം കൂട്ടത്തില്ല കൊച്ചുചെറുക്കാ. ഉച്ചയ്ക്കും വൈകിട്ടുമൊക്കെ ഇഷ്ടംപോലെ മീങ്കറികൂട്ടും."

''ഇതാ ശേഖരേട്ടാ കട്ടൻ കാപ്പി."

ജോസഫു കൊടുത്ത കാപ്പി വാങ്ങി ശേഖരൻതമ്പി കുടിച്ചു.

"ഞാൻ പറയാൻ മറന്നു. കുഞ്ഞുചെറുക്കാ, നീയൊരു ചെറുമനാണെന്നു കരുതി എന്നോടു സംസാരിക്കാതിരിക്കരുത്. എടോ വല്ലപ്പഴുമൊക്കെ എന്തെങ്കിലും സംസാരിച്ചില്ലെങ്കിപ്പിന്നെ മനുഷ്യനെ എന്തിനു കൊള്ളാം. ഞാൻ നിന്റെ മുതലാളിയും ജന്മിയുമാണെന്നൊന്നും വിചാരിക്കണ്ടട്ടോ..."

"ഓ സംസാരിച്ചോളാമേ..." കൊച്ചുചെറുക്കൻ വിനീതനായിപ്പറഞ്ഞു.

അവന്റെ വിനയംകണ്ട് ശേഖരൻതമ്പി പുഞ്ചിരിച്ചു. തന്റെ അപ്പനപ്പൂപ്പന്മാരൊക്കെയാണെങ്കിൽ ജന്മിത്തം ഒട്ടും വിട്ടുകൊടുക്കില്ല. തന്റെയച്ഛൻ മാധവൻ തമ്പി ഗജഗംഭീരനായിരുന്നു. അസ്സൽ ജന്മി. അടിയാളന്മാരൊക്കെ അടുത്തുചെല്ലാൻ പേടിക്കുമായിരുന്നു എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. തനിക്കീ മുതലാളിത്തത്തിലും ജന്മിത്തത്തിലുമൊന്നും വലിയ വിശ്വാസം തോന്നീട്ടില്ല. ഒട്ടും ഇല്ലെന്നല്ല. ജന്മിത്തത്തിന്റെ പേരിൽ ആരെയും ചെറുതായി കാണാൻ വയ്യ.

ചെറുമന്മാരൊക്കെ ജന്മികളെ വല്ലാതെ ഭയപ്പെട്ടിരുന്ന ഒരു കാലം...

എല്ലാവരും മനുഷ്യരാണ്. ചിലർക്കു സ്വത്തും പണവും കുറെ കൂടുതലുണ്ട്. ചിലർക്ക് ഒട്ടുമില്ല...

എന്താണങ്ങനെ? (തുടരും)



കെ.സി.എസ്.എൽ. പാലാ രൂപതയുടെ 2022 – 23 വാർഷികം പാലാ രൂപത കോർപ്പറേറ്റ് എജ്യൂക്കേഷൻ സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ, പ്രസിഡന്റ് ജിജോ മാത്യു, ചെയർമാൻ ലിയോ സ്റ്റീഫൻ, മുൻ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, പാലാ സെന്റ് തോമസ് എച്ച്.എസ്.എസ്. പ്രിൻസിപ്പൽ മാത്യു എം. കുര്യാക്കോസ്, ഹെഡ്മാസ്റ്റർ ജോർജുകുട്ടി കാവുകാട്ട് എന്നിവർ സമീപം.

# ആയിരത്തിലധികം വർഷം പഴക്കമുള്ള ഹീബ്രു ബൈബിൾ ലോകപര്യടനത്തിന് : മൂല്യം 413 കോടി രൂപ



ന്യൂയോർക്ക്: ലോകത്തിലെ തന്നെ ഏറ്റവും പഴക്കമേറിയതും യഹൂദ, ക്രൈസ്തവവിശ്വാസ പാരമ്പര്യങ്ങൾക്ക് ആധാരശിലയുമായ ഹീബ്രു ബൈബിളിന്റെ ഏറ്റവും പഴക്കമേറിയ കൈയെഴുത്തുപ്രതി 'കോഡെക്സ് സസൂൻ' ലേലത്തിനു മുമ്പുള്ള ലോകപര്യടനത്തിനൊരുങ്ങുന്നു. ലണ്ടൻ, ടെൽ അവീവ്, ഡാലസ്, ലൊസാഞ്ചലസ് നഗരങ്ങളിൽ പ്രദർശിപ്പിച്ചശേഷം ബൈബിൾ ന്യൂയോർക്കിൽ എത്തിക്കും. 1000 വർഷം പഴക്കമുള്ള അപൂർവമായ സമ്പൂർണ ഹീബ്രു ബൈബിൾ പതിപ്പാണ് ഇത്. 12 കിലോഗ്രാം തൂക്കമുള്ള മൃഗത്തോലിൽ 792 പേജുകളിലായാണ് ബൈബിൾ തയ്യാറാക്കിയിരിക്കുന്നത്.

ന്യൂയോർക്കിൽ ബൈബിൾ ലേലത്തിനു വയ്ക്കാനാണ് അധികൃതരുടെ തീരുമാനം. അപൂർവതകൾ ഏറെയുള്ളതിനാൽ ലേല ഏജൻസിയായ സോഥെബീസ്, ഈ ഹീബ്രുബൈബിളിന് 3–5 കോടി ഡോളറാണ് പ്രതീക്ഷിക്കുന്നത്. 5 കോടി ഡോളറിന് (413 കോടി രൂപ) വിറ്റുപോയാൽ, അതും ചരിത്രസംഭവമാകുമെന്നാണ് വിദഗ്ധർ പറയുന്നത്.

ഹീബ്രു ബൈബിൾ ഒൻപതാം നൂറ്റാണ്ടിന്റെ അവസാനം എഴുതപ്പെട്ടതാണെന്നാണ് ഗവേഷകരുടെ കണ്ടെത്തൽ. ഇതുവരെ ലേലത്തിൽ വരുന്ന ഏറ്റവും പ്രധാനപ്പെട്ട രേഖയാണ് ഹീബ്രുബൈബിളെന്ന് സോഥെബീസിന്റെ പ്രതിനിധി ഷാരോൺ മിന്റ്സ് ബുധനാഴ്ച സിഎൻഎന്നിനോടു പറഞ്ഞു.

പുരാതനബൈബിൾ ലേലക്കാരിൽ വലിയ താത്പര്യം സൃഷ്ടിക്കാൻ സാധ്യതയുണ്ടെന്നും പരിശോധിക്കാനും ഗവേഷണം ചെയ്യാനും കൈവശം വയ്ക്കാനും തനിക്കു സന്തോഷമുണ്ടായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട രേഖയാണിതെന്നും ഷാരോൺ മിന്റ്സ് കൂട്ടിച്ചേർത്തു. ശതകോടീശ്വരനും നിക്ഷേപകനുമായ കെന്നത്ത് ഗ്രിഫിൻ 2021 ൽ അമേരിക്കൻ ഭരണഘടനയുടെ ആദ്യപതിപ്പിനായി സോഥെബിസിന്റെ ലേലത്തിൽ 43.2 മില്യൺ ഡോളർ നൽകി റെക്കോർഡ് സ്ഥാപിച്ചിരുന്നു. നടക്കാൻ പോകുന്ന ലേലത്തിനു പ്രതീക്ഷിക്കുന്ന തുക ലഭിച്ചാൽ ലോക ചരിത്രത്തിലെ ഏറ്റവും വലിയ ലേലത്തുകയാകുമെന്നാണ് കണക്കാക്കപ്പെടുന്നത്.

# വരുന്നൂ, സമഗ്ര ഓൺലൈൻ മലയാളനിഘണ്ടു

തിരുവനന്തപുരം: മലയാളത്തിൽ സമഗ്ര ഓൺലൈൻ നിഘണ്ടു തയ്യാറാകുന്നു. സർക്കാരിന്റെ ഭാഷാ മാർഗനിർദേശകവിദഗ്ധസമിതിയുടെ നിർദേശപ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ ഇതിന്റെ ചുമതലയേല്പിച്ചു. മലയാളം സർവകലാശാല തുടങ്ങി പിന്നീട് ഉപേക്ഷിച്ച നിഘണ്ടു പദ്ധതിക്കുവേണ്ടി സമാഹരിച്ച ഒരു ലക്ഷത്തിലേറെ വാക്കുകളുടെ വിവരങ്ങൾ പുതിയ ഓൺലൈൻ നിഘണ്ടുവിനായി കൈമാറി.

ആറു മാസത്തിനകം ആദ്യഘട്ടം ഓൺലൈനായി ലഭ്യമാക്കാനാണു ലക്ഷ്യം. ലിപിപരിഷ്കരണം അനുസരിച്ചാകും നിഘണ്ടു പ്രസിദ്ധീകരിക്കുക. കാലാനുസൃതമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും വരുത്താവുന്ന തരത്തിലുള്ള നിഘണ്ടുവായിരിക്കും ഇതെന്നു ഭാഷാമാർഗനിർദേശക വിദഗ്ധസമിതി അധ്യക്ഷൻ ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് പറഞ്ഞു. അച്ചടിച്ച പതിപ്പുണ്ടാകില്ല. വാക്ക്, അതിന്റെ ശബ്ദോത്പത്തി, സ്വരസൂചകം, ഉച്ചാരണം, അർഥം, നാനാർഥം, പര്യായ – വിപരീതപദങ്ങൾ, വിവിധ സ്ഥലങ്ങളിലെ ഭാഷാഭേദങ്ങൾ, വിവിധ കൃതികളുമായി ബന്ധപ്പെട്ട അവലംബം, ഇംഗ്ലീഷ് പദം എന്നിങ്ങനെ സമഗ്രവിവരങ്ങളാകും നിഘണ്ടുവിലുണ്ടാകുക. ആദ്യഘട്ടത്തിൽത്തന്നെ ശബ്ദതാരാവലിയിൽ ഉള്ളതിന്റെ ഇരട്ടിയോളം വാക്കുകൾ ഉണ്ടാകും.

പദ്ധതിയുടെ ഭാഗമായി ഭാഷാ വിദഗ്ധരെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ ഒരു മാസത്തിനുള്ളിൽ ആരംഭിക്കുമെന്നു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ പറഞ്ഞു.



നോവൽ 19 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തയാളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ ഒരു സ്കൂളിൽ റ്റീച്ചറായി ജോലി കിട്ടി. സ്കൂൾ മാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി ഇന്ദു സൗഹൃദത്തിലായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. കോപാകുലനായ മാനേജർ ഇന്ദുവിനെ പിരിച്ചുവിട്ടു. ജോലിയും ജോലിക്കായി കൊടുത്ത പണവും നഷ്ടമായി എന്നറിഞ്ഞപ്പോൾ പക്ഷാഘാതം വന്നു കിടപ്പിലായിരുന്ന ഇന്ദുവിന്റെ അച്ഛൻ നാരായണൻ നമ്പൂതിരി ഹൃദയാഘാതം വന്നു മരിച്ചു. ഇന്ദുവിനോടുള്ള പക അടങ്ങാതെ ആനന്ദൻ അവളെ സഹായിക്കാനെന്ന വ്യാജേന തന്റെ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്ദുവിനെ റിസപ്ഷനിസ്റ്റായി നിയമിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പുകാരൻ രാജേഷുമായി ആനന്ദൻ ഗൂഢാലോചന നടത്തി ഇന്ദുവിനെ തെറ്റിദ്ധരിപ്പിച്ച് നഗരത്തിലെ ഹോട്ടൽ മുറിയിലെത്തിച്ചു. പോലീസ് ഹോട്ടൽമുറിയിലെത്തി ഇന്ദുവിനെയും രാജേഷിനെയും ചോദ്യം ചെയ്ത് താക്കീതു ചെയ്തു വിട്ടയച്ചു. സായാഹ്നപത്രത്തിൽ ഈ വാർത്തവന്നു. ഇന്ദുവിനെ മേട്രൻ ഹോസ്റ്റലിൽനിന്നു പുറത്താക്കി. ഉറ്റസുഹൃത്ത് അശ്വതിയും ഇന്ദുവിനെ കൈയൊഴിഞ്ഞു. നിരാലംബയായ ഇന്ദു മരണത്തെപ്പറ്റി ചിന്തിച്ചു. (തുടർന്നു വായിക്കുക)

നെടുമ്പാശേരി എയർപോർട്ട്. ഷിക്കാഗോയിൽനിന്നു നിറയെ യാത്രക്കാരുമായി വന്ന എയർ ഇന്ത്യയുടെ കണക്ഷൻ ഫ്ളൈറ്റ് റൺവേയിൽ സാവധാനം പറന്നിറങ്ങി.

വിമാനത്തിൽനിന്നു പുറത്തിറങ്ങിയ യാത്രക്കാരുടെ കൂട്ടത്തിൽ മോടിയായി വേഷം ധരിച്ച സുമുഖനായ ഒരു യുവാവും മധ്യപ്രായം കഴിഞ്ഞ ഒരു സ്ത്രീയുമുണ്ടായിരുന്നു. അത് അഭിഷേകും അമ്മ ശ്രീദേവിയുമായിരുന്നു.

ക്ലിയറൻസ് കഴിഞ്ഞ് വെളിയിലേക്കിറങ്ങിയപ്പോൾ അവരെ കാത്ത് ആനന്ദൻ പുറത്തുനില്പുണ്ടായിരുന്നു. മൂന്നുമാസത്തെ ഇടവേളയ്ക്കുശേഷമുള്ള കൂടിക്കാഴ്ച. സന്തോഷം പങ്കുവച്ച്, കാറിൽ വീട്ടിലേക്കു മടങ്ങുമ്പോൾ നാട്ടിലെ വിശേഷങ്ങൾ ചോദിച്ചുകൊണ്ടിരുന്നു അഭിഷേകും ശ്രീദേവിയും.

"മൂന്നുമാസം അച്ഛൻ തനിച്ചിരുന്നു മടുത്തുകാണും അല്ലേ?" അഭിഷേക് ചോദിച്ചു.

"പിന്നില്ലേ."

"തടി ഇത്തിരി കൂടിയിട്ടുണ്ട്. എന്നും വെള്ളമടീം തീറ്റയുമായിരുന്നിരിക്കും അല്ലേ?" ശ്രീദേവി ചിരിച്ചു.

"അങ്ങനൊന്നുമില്ല." ആനന്ദൻ ഭാര്യയെ സൂക്ഷിച്ചു നോക്കിയിട്ട് തുടർന്നു: "നീയും ഇത്തിരി തടിച്ചിട്ടുണ്ട്."

"അവിടെ വെറുതെ ഇരിക്കല്ലായിരുന്നോ."

"ബിസിനസ്സൊക്കെ എങ്ങനെ നടക്കുന്നു അച്ഛാ?" അഭിഷേക് ആരാഞ്ഞു.

"ഭംഗിയായി പോകുന്നു."

"ഒരു പുതിയ റ്റീച്ചറുണ്ടായിരുന്നല്ലോ. ഒരു നമ്പൂരിക്കുട്ടി. എന്താ അവരുടെ പേര്... ങ്ഹ, ഇന്ദു. അവരുടെ അച്ഛനിപ്പം എങ്ങനുണ്ട്?"

"അയാള് തട്ടിപ്പോയി.'

"മരിച്ചോ?" ശ്രീദേവി നടുക്കത്തോടെ ചോദിച്ചു.

"ആള് പോയി."

"മരിച്ചോ?"

"പാവം! ആ റ്റീച്ചറെന്തു പറയുന്നു?"

"അവളൊരുത്തിയാ അയാളു മരിക്കാൻ കാരണം."

''അതെന്താ?'' അഭിഷേക് ചോദിച്ചു.

"അവളുടെ സ്വഭാവം ചീത്തയായിരുന്നു. സ്കൂളിലെ റ്റീച്ചേഴ്സ് പറഞ്ഞപ്പം ഞാനാദ്യം വിശ്വസിച്ചില്ല. പക്ഷേ, പലേടത്തുനിന്നും കംപ്ലയിന്റ് വന്നപ്പം ഞാൻ അന്വേഷിച്ചു. സംഗതി സത്യമാണെന്നു കണ്ടപ്പം ഞാൻ വിളിച്ചു രണ്ടുമൂന്നു തവണ വാണിങ് കൊടുത്തു. നന്നായില്ല അവള്. സ്കൂളിന് പേരുദോഷം ഉണ്ടാകുന്ന ഒരു ഘട്ടം വന്നപ്പോൾ ജോലീന്നു പിരിച്ചുവിട്ടു. അതു വീട്ടിലറിയിക്കാതെ അവള് തിരുവല്ലയിലെവിടെയോ ചുറ്റിക്കറങ്ങി കാശുണ്ടാക്കിക്കൊണ്ടിരുന്നു. ഒടുവിൽ പോലീസു പിടിച്ച് അകത്തിട്ടു. വീട്ടീന്ന് ആളെ വിളിച്ചു വരുത്തി പോലീസുകാര് വാണിങ്ങും കൊടുത്ത് അവളെ നാട്ടിലേക്കു പാക്കു ചെയ്തു. അതു നാട്ടിൽ മുഴുവൻ പാട്ടായി. ആ നാണക്കേടിൽ അച്ഛൻ ഹൃദയംപൊട്ടി മരിച്ചു."

"എന്നിട്ട്?"

"എന്നിട്ടെന്താ, അമ്മേം അനിയത്തിമാരും ഇവളെ വീട്ടീന്നിറക്കി വിട്ടു. ജീവിക്കാൻ വഴിയില്ലാന്നു പറഞ്ഞ് ഇവളു വീണ്ടും കരഞ്ഞുപിഴിഞ്ഞ് എന്റടുത്തു വന്നു. എനിക്കു സഹതാപം തോന്നീട്ട് ഞാൻ നമ്മുടെ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ അവൾക്കൊരു ജോലി കൊടുത്തു. അത് അതിനേക്കാൾ വലിയ പുലിവാലായി."

"അതെന്താ?"

"അവിടുത്തെ ഇൻസ്ട്രക്ടർ രാജേഷുമായിട്ട് ഇവളു കമ്പനിയായി. ഞാനിതു വല്ലതും അറിയുന്നുണ്ടോ. ഒരു ദിവസം രണ്ടിനേം കൂടി ഹോട്ടൽമുറീന്നു പോലീസ് പൊക്കി. പോലീസ് എന്നെ വിളിച്ചു. ഞാൻ താണുവീണു പറഞ്ഞതുകൊണ്ട് കേസ് ചാർജു ചെയ്തില്ല. പക്ഷേ, അന്തിപ്പത്രത്തിൽ വാർത്തവന്ന് നാട്ടുകാര് മുഴുവൻ അറിഞ്ഞു. ഞാനവളെ അപ്പഴേ പിരിച്ചുവിട്ടു."

''എന്നിട്ടവള് എങ്ങോട്ടു പോയി?" ശ്രീദേവി ചോദിച്ചു.

"ആർക്കറിയാം. താമസിച്ചിരുന്ന ഹോസ്റ്റലീന്ന് അവളെ ചാടിച്ചുവിട്ടു. പിറ്റേന്ന് പെട്ടീം പ്രമാണോം എടുത്തു പോയീന്നാ കേട്ടത്. ഇപ്പം മാസം ഒന്നായി. ജീവിച്ചിരിക്കുന്നോ മരിച്ചോന്നു പോലും അറിയില്ല."

''ആ പെണ്ണിനെ കണ്ടാൽ അങ്ങനൊന്നും തോന്നില്ലായിരുന്നല്ലോ." ശ്രീദേവി പറഞ്ഞു.

"അതല്ലേ അവളുടെ മിടുക്ക്. കണ്ടാൽ പച്ചപ്പാവം. കൈയിലിരുപ്പ് മഹാമോശം."

അഭിഷേക് ഒന്നും മിണ്ടിയില്ല. അയാൾക്ക് അതൊന്നും അങ്ങു വിശ്വസിക്കാനാകുമായിരുന്നില്ല. പരിചയപ്പെട്ടിടത്തോളം സ്വഭാവദൂഷ്യമുള്ള ഒരു പെണ്ണായി തനിക്കു തോന്നിയില്ലല്ലോ.



അച്ഛന്റെ ഇഷ്ടത്തിനു വഴങ്ങാത്തതുകൊണ്ട് പേരുദോഷം ഉണ്ടാക്കി പറഞ്ഞുവിട്ടതാവുമോ?"

കാറു മുമ്പോട്ട് ഓടിക്കൊണ്ടിരുന്നു. ഇടയ്ക്ക് ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചിട്ട് യാത്ര തുടർന്നു. വീട്ടിലെത്തിയപ്പോൾ രാത്രിയായി.

വേഷം മാറിയിട്ട് അഭിഷേക് പോയി കുളിച്ചു. കുളി കഴിഞ്ഞു മുടി ചീകിയിട്ടു നേരേ കിടപ്പുമുറിയിലേക്കു പോയി. കിടക്കയിൽ ബെഡ്ഷീറ്റു വിരിച്ചിട്ടു നീണ്ടു നിവർന്നു കിടന്നു. സുഖമായ ഉറക്കം. നേരം പുലർന്നിട്ടാണ് എണീറ്റത്.

പ്രഭാതഭക്ഷണം കഴിച്ചിട്ട് വേഷം മാറി പുറത്തേക്കിറങ്ങി. നാലു മാസത്തെ ഇടവേളയിൽ പള്ളിക്കരഗ്രാമത്തിലുണ്ടായ മാറ്റങ്ങൾ നോക്കിക്കണ്ടു. സുഹൃത്തുക്കളെയും പരിചയക്കാരെയും കണ്ടു വിശേഷങ്ങൾ പങ്കുവച്ചു. ടെക്സ്റ്റയിൽഷോപ്പിലും കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിലുമൊക്കെ പോയി ജീവനക്കാരെ കണ്ട് കുശലം പറഞ്ഞു.

കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിലെ സ്റ്റാഫ്, രാജേഷിനെയും ഇന്ദുവിനെയും ഹോട്ടൽമുറിയിൽനിന്നു പോലീസ് പിടിച്ച സംഭവം വിശദീകരിച്ചു. വാർത്ത അച്ചടിച്ചുവന്ന സായാഹ്നപ്പത്രം ആരോ എടുത്തകൊണ്ടു വന്ന് അഭിഷേകിനു നീട്ടി. അഭിഷേക് വാർത്ത വായിച്ചിട്ട് പത്രം തിരികെ കൊടുക്കുന്നതിനിടയിൽ ചോദിച്ചു.

''ഇന്ദു നിങ്ങളോടൊക്കെ എങ്ങനായിരുന്നു?"

"വളരെ ഫ്രണ്ട്‌ലിയായിരുന്നു. അവരു തമ്മിൽ പ്രണയമായിരുന്നെന്ന് ഇവിടാർക്കും അറിയില്ലായിരുന്നു." ഒരു യുവതി പറഞ്ഞു.

''ലോഡ്ജീന്നു പിടിച്ചൂന്നു കേട്ടപ്പം ഞങ്ങൾക്കൊക്കെ അതിശയമായിരുന്നു. അത്രയ്ക്കും ഒരു പഞ്ചപാവമായിരുന്നു ആ കൊച്ച്." കൂട്ടത്തിൽ പ്രായമുള്ള സ്ത്രീ പറഞ്ഞു.

"രാജേഷിപ്പം എവിടുണ്ട്?"

"അറിയില്ല. ആ സംഭവത്തിനുശേഷം സാറിങ്ങോട്ടു വന്നിട്ടില്ല. ഫോൺ സ്വിച്ചോഫാ."

കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നിറങ്ങി അഭിഷേക് നേരേ പോയത് വിദ്യാധരൻ മെമ്മോറിയൽ സ്കൂളിലേക്കായിരുന്നു. അധ്യാപകരെ കണ്ട് കുശലം പറഞ്ഞു. അവരുടെ ചോദ്യങ്ങൾക്ക് മറുപടി കൊടുത്തു.

ഇന്ദുവിനു പകരം വന്ന സൗമ്യ റ്റീച്ചറെ ഹെഡ്മിസ്ട്രസ് അഭിഷേകിനു പരിചയപ്പെടുത്തി.

അധ്യാപകർ പിരിഞ്ഞപ്പോൾ അഭിഷേക് ഹെഡ്മിസ്ട്രസിന്റെ മുറിയിൽ അഭിമുഖമായി ഇരുന്നിട്ടു ചോദിച്ചു:

"ഇന്ദുവിനെ പിരിച്ചുവിടാൻ എന്തായിരുന്നു റ്റീച്ചറേ കാരണം?"

"ആനന്ദൻസാറിനോടെന്തോ ധിക്കാരമായിട്ടു പെരുമാറീന്നാ കേട്ടത്."

''സ്വഭാവദൂഷ്യമുണ്ടായിരുന്നോ അവർക്ക്?"

"അങ്ങനെയും കേട്ടു. എനിക്ക് നേരിട്ട് അറിവൊന്നുമില്ല. സ്കൂളിലാരും അങ്ങനൊരു കംപ്ലയിന്റ് പറഞ്ഞതായിട്ടറിവില്ല. പിന്നെ, ഇവിടുന്നു പിരിച്ചുവിട്ടതിനു ശേഷം റ്റീച്ചർ തിരുവല്ലയിലെവിടെയോ ഒരു വീട്ടിൽ ജോലിക്കു നിൽക്കുവാരുന്നെന്നും അവിടുന്ന് എന്തോ പ്രശ്നത്തിനു പോലീസു പിടിച്ചൂന്നുമൊക്കെ കേട്ടു. അതിന്റെ കൂടുതൽ ചരിത്രമൊന്നും എനിക്കറിയില്ല. അശ്വതി റ്റീച്ചറിനറിയാം. അവരായിരുന്നു അവളുടെ ബെസ്റ്റ് ഫ്രണ്ട്."

"ഇവിടാരും കംപ്ലയിന്റ് പറഞ്ഞിട്ടില്ലേ?"

''ഇല്ല. പക്ഷേ, ആനന്ദൻ സാറിനവളെ ഒട്ടും ഇഷ്ടമില്ലായിരുന്നു."

"താങ്ക് യൂ റ്റീച്ചർ."

അഭിഷേക് എണീറ്റു. ഹെഡ്മിസ്ട്രസിന്റെ മുറിയിൽനിന്നിറങ്ങിയിട്ട് നേരേ സ്റ്റാഫ് റൂമിലേക്കു നടന്നു. നോക്കിയപ്പോൾ അശ്വതിറ്റീച്ചർ സീറ്റിലുണ്ട്. അവരെ കൈകാട്ടി പുറത്തേക്കു വിളിച്ചു. തെല്ലു മാറിനിന്നിട്ടു പറഞ്ഞു:

"ഇന്ദു റ്റീച്ചറെപ്പറ്റി ചില കാര്യങ്ങൾ അറിയാനാ വിളിച്ചത്."

അശ്വതി ആകാംക്ഷയോടെ നോക്കി.

''റ്റീച്ചറായിരുന്നല്ലോ അവരുടെ ബെസ്റ്റ് ഫ്രണ്ട്. അവരെ പിരിച്ചുവിടാൻ എന്താ കാരണം?"

"അതിപ്പം എന്നോടു ചോദിച്ചാൽ..."

"പറഞ്ഞോളൂ. ഞാനാരോടും പറയില്ല. അതിന്റെ പേരിൽ റ്റീച്ചറിന് ഒരു കുഴപ്പവും ഉണ്ടാവില്ല."

അഭിഷേക് ധൈര്യം പകർന്നു.

അശ്വതി മടിച്ചുനിന്നപ്പോൾ അഭിഷേക് ചോദിച്ചു.

"അവരുടെ സ്വഭാവം മോശമായിരുന്നോ?"

''ഇവിടുന്ന് പിരിച്ചുവിട്ടത് സ്വഭാവം മോശമായതുകൊണ്ടല്ല. സ്വഭാവം നല്ലതായതുകൊണ്ടാ."

"മനസ്സിലായില്ല."

*ശേഷം 13-ാം പേജിൽ*




**മാർച്ച് 5**
**നോമ്പുകാലം**
**മൂന്നാം ഞായർ**

**ഉത്പ 7:6 – 24**
**ജോഷ്വ 5:13 – 6:5**
**റോമ 7:14 – 25**
**മത്താ 20:17 – 28**

# മനുഷ്യനുവേണ്ടി മരിക്കുന്ന ദൈവം





**ഡോ. ജോസഫ് കരികുളം**

**ക്ര**മമായ ആത്മശോധനയും അതിൽനിന്നുളവാകുന്ന അനുതാപവും അനുതാപം നൽകുന്ന മാനസാന്തരവും നോമ്പുകാലത്തെ ഫലദായകമാക്കുന്നു. യഥാർഥത്തിൽ, ഈശോയുടെ കുരിശുമരണമാണ് മനുഷ്യൻ ചെയ്ത പാപങ്ങൾ മായ്ച്ചുകളയുന്നത്. തങ്ങളുടെ പാപങ്ങൾ ഇല്ലായ്മ ചെയ്യാനുള്ള കഴിവ് മനുഷ്യർക്കില്ലാത്തതിനാൽ, ദൈവം തന്റെ പുത്രനിലൂടെ ഇക്കാര്യം ചെയ്യുന്നു. തന്റെ ഈ ദൗത്യത്തെക്കുറിച്ച് വ്യക്തമായ ബോധ്യമുള്ള ഈശോ, പീഡാനുഭവപ്രവചനങ്ങളിലൂടെ ശിഷ്യന്മാർക്കു തന്റെ ഭാവിയെക്കുറിച്ച് സൂചന നൽകുന്നു.

മത്തായിയുടെ സുവിശേഷത്തിലെ മൂന്നു പീഡാനുഭവപ്രവചനങ്ങളിലെ അവസാനത്തേതും അതിനു ശിഷ്യന്മാർ കൊടുക്കുന്ന പ്രത്യുത്തരവുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ (മത്താ. 20: 17–28) ഉള്ളടക്കം. ഈശോയുടെ യാത്ര ജെറുസലേമിലേക്കാണ് (20:17). ജെറുസലേം ദൈവത്തിന്റെ ആലയം നിലകൊള്ളുന്ന സ്ഥലമാണ്. ദൈവാലയത്തിനുള്ളിൽ അതിവിശുദ്ധസ്ഥലത്തു ദൈവത്തിന്റെ സാന്നിധ്യമുണ്ട്. യഹൂദന്മാർ എല്ലാ വർഷവും പെസഹാത്തിരുനാളിനോടനുബന്ധിച്ച് ജെറുസലേം തീർഥയാത്ര നടത്താറുണ്ട്. ഇസ്രായേലിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജെറുസലത്തേക്കു വരുന്നത് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന യാത്രയായിരിക്കും. പാപപരിഹാരം ചെയ്ത്, ദൈവത്തിന്റെ ആലയത്തിൽ പ്രവേശിച്ച്, അവിടുത്തെ മഹത്ത്വവും അനുഭവിച്ച് തിരിച്ചുപോകാൻ ഇസ്രായേൽമക്കൾ കൊടുക്കേണ്ട ഒരു വിലയുണ്ട്, അത് അവിടെയെത്തിച്ചേരാനുള്ള കഷ്ടപ്പാടിന്റെ വിലയാണ്. ദീർഘവും ബുദ്ധിമുട്ടുകൾ നിറഞ്ഞതുമായ ആ യാത്രതന്നെ മാനസാന്തരത്തിന്റെ ഉത്തമലക്ഷണമാണ്.

ഈശോയാകട്ടെ, യഥാർഥ ദൈവമഹത്ത്വത്തിന്റെ ഉടമയാണ്, പാപമില്ലാത്തവനാണ്. പക്ഷേ, മനുഷ്യനുവേണ്ടി അവൻ പാപപരിഹാരം ചെയ്യുന്നു (20:19). ജെറുസലേമിലേക്കു നടക്കുകയാണവൻ. വഴിയിലെ കഷ്ടപ്പാടുകളും സഹനങ്ങളും മാത്രമല്ല, ജറുസലേമിൽ തന്നെ കാത്തിരിക്കുന്നത് മരണമാണെന്ന് അവൻ മനസ്സിലാക്കിയിട്ടുണ്ട്. പാപം മോചിക്കപ്പെട്ടതിന്റെയും ദൈവമഹത്ത്വത്തിൽ ആയിരുന്നതിന്റെയും സന്തോഷത്തിൽ തിരിച്ചുപോരാമെന്ന പ്രതീക്ഷയോടെ സാധാരണജനങ്ങൾ ജെറുസലേമിലേക്കു പോകുമ്പോൾ അവർക്കുവേണ്ടി യഥാർഥത്തിൽ ആ കർമം നിർവഹിക്കേണ്ടത് താനാണെന്ന ബോധ്യത്തോടെ ഈശോയും ജെറുസലേമിലേക്കു പോകുന്നു.

ജനത്തെ നയിക്കുന്നത് പെട്ടെന്നു ലഭിക്കാവുന്ന പാപമോചനത്തിന്റെ ആശ്വാസമാണ്. എന്നാൽ, ഈശോ നല്കുന്നതാകട്ടെ ഒരിക്കലും എടുത്തുമാറ്റപ്പെടാനാവാത്ത ദൈവാനുഭവത്തിന്റെ സ്വാതന്ത്ര്യവും. അതിനു സഹനത്തിന്റെ ജെറുസലേംവഴികളിലൂടെ അവൻ നമുക്കുവേണ്ടി നടന്നേ മതിയാവൂ. അവനു മാത്രം നടക്കാൻ കഴിയുന്ന വഴിയാണത്.

ഇക്കാര്യമാണ് സെബദീപുത്രന്മാർക്കു മനസ്സിലാകാത്തതും. ഈശോയുടെ മാനവരക്ഷാദൗത്യത്തെ ഭൂമിയിലെ ഏതെങ്കിലും രാജ്യം പിടിച്ചടക്കുന്നതുമായി ബന്ധപ്പെട്ട രാജകീയ ജീവിതശൈലിയായി അവർ തെറ്റിദ്ധരിച്ചു. അത്തരമൊരു പരിശ്രമത്തിനു കുറച്ചൊക്കെ കഷ്ടപ്പാടു സഹിക്കാൻ തങ്ങൾ തയ്യാറാണെന്ന് അവർ ഈശോയെ അറിയിക്കുന്നുണ്ട് (20:22). ഐഹികമായ ഒരു രാജ്യത്തിനുവേണ്ടിയുള്ള പോരാട്ടമല്ല ഇതെന്നും, പ്രസ്തുത, രാജ്യത്തിലെ കാര്യങ്ങൾ തീരുമാനിക്കുന്നത് പിതാവാണ് എന്നും ഈശോ വ്യക്തമായ മറുപടി നൽകുന്നു (20:23).

ദൈവരാജ്യമെന്നാൽ തികച്ചും ഭൗമികമായി നേടിയെടുക്കാവുന്ന ഒന്നാണെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്ന സെബദിയുടെ കുടുംബത്തെയും ഇന്നും അത്തരം നിലപാടുകൾ ആവർത്തിക്കുന്ന നമ്മളിൽ ചിലരെയും ദൈവരാജ്യത്തിന്റെ ഘടന എത്ര വ്യത്യസ്തമാണെന്ന് ഈശോ പഠിപ്പിക്കുന്നു (20:25). അവിടെ ലോകത്തിന്റെ ക്രമമല്ല പിന്തുടരുന്നത്; ശുശ്രൂഷയും ദാസന്റെ മനോഭാവവുമാണ് അംഗീകരിക്കപ്പെടുന്നത് (20:27). ആ മാതൃക മനുഷ്യവർഗത്തിനുവേണ്ടിയുള്ള ഈശോയുടെ ശുശ്രൂഷയിലാണ് ദൈവം നടപ്പാക്കിക്കാണിക്കുന്നത് (20:28). ലോകത്തിന്റെ അഹങ്കാരമനഃസ്ഥിതിയും ഭൗതികനേട്ടങ്ങളോടുള്ള ആസക്തിയും നമ്മിലുണ്ടെങ്കിൽ അവയെ ഇല്ലാതാക്കി, ദൈവികമായ ശുശ്രൂഷാമനഃസ്ഥിതിയും ദൈവമഹത്ത്വത്തിൽ എത്തിച്ചേരുക എന്ന ലക്ഷ്യവും മനസ്സിലുറപ്പിക്കാനുള്ള സുവർണാവസരമാണു നോമ്പുകാലം.

മനുഷ്യനിലെ തിന്മയുടെ സ്വാധീനത്തെ ക്രൈസ്തവികമായ എളിമയോടെ സ്വയം ഉദാഹരണമായി നൽകിക്കൊണ്ട് പൗലോസ് സൂചിപ്പിക്കുന്നുണ്ട് (റോമാ 7:14–25). നന്മ ഇച്ഛിക്കുന്ന മനുഷ്യന് അതു പ്രവർത്തിക്കാൻ സാധിക്കുന്നില്ല. അത്രയധികം തിന്മയുടെ സ്വാധീനം മനുഷ്യനെ കീഴടക്കിക്കഴിഞ്ഞിരിക്കുന്നു (7:19). എന്നാൽ, ഈശോമിശിഹായുടെ അനുസരണവും സ്വയംശൂന്യമാക്കലുംവഴി തിന്മയുടെ ഈ സ്വാധീനത്തിൽനിന്നു നാം മോചിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം നമുക്കുണ്ടാകണം (7:24,25).


ദൈവം തന്റെ യഥാർഥ ശക്തി കാണിക്കുന്നത് മനുഷ്യരക്ഷയുടെ കേന്ദ്രഭാഗമായ ഈശോയുടെ പീഡാനുഭവത്തിലും മരണത്തിലും ഉത്ഥാനത്തിലുമാണ്. കാരണം, അവിടെയാണ് പിതാവിനു പുത്രനെ ബലിയർപ്പിക്കേണ്ടിവരുന്നത്. തന്റെ ഏകജാതനെ ബലിയർപ്പിക്കാനുള്ള കല്പനയാൽ അബ്രാഹം പരീക്ഷിക്കപ്പെട്ടതേയുള്ളൂ. ഇവിടെ പിതാവ് പുത്രനെ മനുഷ്യനായി, മനുഷ്യനുവേണ്ടി വിട്ടുകൊടുക്കുന്നു. അതിനുമപ്പുറം മരണത്തെ പരാജയപ്പെടുത്തി അവനെ ഉയിർപ്പിക്കേണ്ടിവരുന്നു; മരണത്തെ മറികടക്കുന്ന പുതിയ മനുഷ്യനെ സൃഷ്ടിക്കുന്നു. മനുഷ്യരക്ഷയ്ക്കുവേണ്ടി തന്റെ പുത്രനെ ഉപയോഗിക്കുന്ന ദൈവത്തിന്റെ കൂടെയിരിക്കലാണ് നോമ്പുകാലം. ദൈവശക്തിയുടെ യഥാർഥ ഫലം നാം അനുഭവിക്കുന്ന ഈ സമയം നമുക്കു നന്നായി വിനിയോഗിക്കാം.

■




**കർദിനാൾ റോബർട്ട് സറാ**
## പൗരോഹിത്യദർശനങ്ങൾ

**ഗ്രന്ഥകർത്താ: ഫാ. കുര്യാക്കോസ് നരിതൂക്കിൽ**
**പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ**
**വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ**
**വില : ₹ 100**




പൗരോഹിത്യം എന്ന ഖജനാവ് തുറന്നുനോക്കാൻ പറ്റിയ താക്കോലാണ് ബഹു. കുര്യാക്കോസ് നരിതൂക്കിലച്ചൻ രചിച്ച പൗരോഹിത്യദർശനങ്ങൾ എന്ന ഗ്രന്ഥം. പൗരോഹിത്യത്തിന്റെ മാഹാത്മ്യം ഇത്ര ഹൃദ്യമായും ഒപ്പം, സ്വയം വിമർശനാത്മകമായും പറഞ്ഞുവച്ചിട്ടുള്ള കൃതികൾ അധികം കാണുകയില്ല.എല്ലാ വൈദികർക്കും വഴികാട്ടിയാകേണ്ട ഗ്രന്ഥം.

---

## സ്നേഹത്തിനുള്ള വിളി

**ഗ്രന്ഥകർത്താ : പ്രഫ. ഡോ. ജോർജ് അഗസ്റ്റിൻ**
**പ്രസാധനം : കാർമൽ പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം**
**വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ**
**വില : ₹ 90**




ക്രൈസ്തവദമ്പതികൾക്ക് അവരുടെ വിവാഹത്തിലും കുടുംബജീവിതത്തിലും വിശ്വാസജീവിതം നയിക്കാൻ പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പാ നൽകുന്ന അമൂല്യമായ ഉൾക്കാഴ്ചകൾ അന്വേഷിക്കുകയാണ് ഈ ചെറുഗ്രന്ഥത്തിൽ. പരമാചാര്യന്റെ നിർദേശങ്ങൾ ക്രോഡീകരിച്ച് ഒമ്പതു ചെറിയ അധ്യായങ്ങളിലായി വിവരിക്കുന്നു.



റ്റോം ജോസ് തഴുവംകുന്ന്

# വിവാഹവിശുദ്ധി വെല്ലുവിളിക്കപ്പെടുമ്പോൾ

ഭദ്രമായ ദാമ്പത്യബന്ധത്തിനും അനുകരണീയമായ കുടുംബജീവിതത്തിനും പേരുകേട്ട നമ്മുടെ നാട് വിവാഹജീവിതത്തിനു തന്നെ സങ്കീർണതകൾ സൃഷ്ടിക്കുന്നതിലേക്കു മാറുകയാണോയെന്ന് ആശങ്കപ്പെടുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ഏറെ പ്രചാരം നേടുന്ന 'സോളോഗമി' (തന്നെത്തന്നെ വിവാഹം ചെയ്യുന്നത്) ഭാരതത്തിലേക്കെത്തിക്കഴിഞ്ഞു. പരമ്പരാഗതമായ ചടങ്ങുകളും വിവാഹത്തിനു മുന്നോടിയായ ആഘോഷങ്ങളുമുണ്ട്; വരനുണ്ടാകില്ലെന്നു മാത്രം! സ്വയം അംഗീകരിക്കുന്നതിന്റെ ഏറ്റവും ആഴമേറിയ അവസ്ഥയെന്നും; ആത്മസ്നേഹത്തിനായി സ്വയം സമർപ്പിക്കുന്ന അവസ്ഥയെന്നുമൊക്കെ 'മണവാട്ടി' പറയുന്നു. 'വിവാഹ'ശേഷം രണ്ടാഴ്ചത്തെ മധുവിധു ആഘോഷവും 'സോളോഗമി'ക്കുണ്ടെന്നത് യന്ത്രമനുഷ്യരെപ്പോലും ഞെട്ടിക്കുന്നതാണ്. ഇതിനോടൊപ്പം ചർച്ച ചെയ്യപ്പെടേണ്ട പേടിപ്പെടുത്തുന്ന അവസ്ഥയാണ് സ്വവർഗവിവാഹം നിയമമാക്കണമെന്നുള്ള സമ്മർദം കോടതികൾക്കു മുന്നിലേക്കുമെത്തുന്നത്.

ഒരേ വർഗത്തിൽപ്പെട്ടവരുടെ ഒന്നിച്ചുള്ള കൂടിത്താമസത്തിനു വിവാഹമെന്ന് ആരാണു പേരിട്ടത്? തന്നെത്തന്നെയുള്ളതിനു പേരിടുകതന്നെ അധാർമികമാണെന്നിരിക്കേ, അതിനെയും 'വിവാഹ'മെന്നു വിളിച്ച് ദൈവത്തെയും പ്രകൃതിയെയും വെല്ലുവിളിക്കുകയാണ്. വിദ്യാഭ്യാസവും ഇതര ജീവിതസൗകര്യങ്ങളും വളരുമ്പോൾ നാമെന്തേ നമ്മെത്തന്നെ മറക്കുന്നു? കുടുംബത്തെയും കുടുംബജീവിതത്തെയും മറക്കുമ്പോൾ സമൂഹത്തിന്റെ സാന്മാർഗികതയും ധാർമികതയുമാണു തകരുന്നത്. ആരും ആർക്കും തുല്യരല്ലെന്നറിയുന്നതിലാണ് വിദ്യാഭ്യാസത്തിന്റെ അന്തസ്സത്തയടങ്ങുന്നത്. സ്വത്വബോധം സ്വയം തിരിച്ചറിവിലേക്കെത്തണം. 'ഞാൻ' എന്നിൽത്തന്നെ പൂർണത തേടുന്നത് മഹാമണ്ടത്തരമാണ്. ദമ്പതികൾ പരസ്പരപൂരകമാകുന്നതിലെ സ്നേഹപൂർണതയാണ്, സ്വയം നൽകുന്നതിലെ പാരസ്പരികതയും ആത്മഹർഷവുമാണ് ദാമ്പത്യത്തിന്റെ ആത്മാവ്.

കഴിഞ്ഞ തലമുറ മാതൃകയുടെ പാഠങ്ങൾ പഠിച്ചാണു കടന്നുപോയത്. ഇല്ലായ്മകളുടെ നടുവിലും കുടുംബത്തിൽ മക്കളുടെ എണ്ണം സമൃദ്ധമായിരുന്നു; ദാരിദ്ര്യംപോലും കുടുംബത്തിൽ സമൃദ്ധിയുടെ ആനന്ദം നൽകിയിരുന്നു. കൃഷിമാത്രം തൊഴിലും വരുമാനമാർഗവുമായിരുന്നെങ്കിലും മക്കളെല്ലാം പഠിച്ച് വലിയവരായിത്തീർന്നു. കുടുംബത്തിനു ചിട്ടയായ ഒരു ഭരണക്രമം ഉണ്ടായിരുന്നു. പഴയകാലത്ത് ഭർത്താവ് ഭാര്യയുടെ ശിരസ്സായിരുന്നെങ്കിൽ അതിന്റെയർഥം ഭർത്താവു പുലർത്തുന്ന അധീശത്വം, മേൽക്കോയ്മ എന്നൊന്നുമല്ല. ദൈവം ഏല്പിച്ചതിനോടുള്ള വിശ്വസ്തതയും കൂറും സ്വർഗത്തോടു ചേർന്നുള്ള ഇണയും തുണയുമായുള്ള ജീവിതവും എന്നാണർഥം! മത്സരം ദാമ്പത്യത്തെ ക്ഷയിപ്പിക്കുന്നുവെന്ന് ആധുനികകുടുംബക്കോടതികൾ സാക്ഷിക്കുന്നു.

അമ്പരപ്പിക്കുന്ന ആഘോഷങ്ങളോടെയുള്ള വിവാഹവും



ഞെട്ടിക്കുന്ന വേഗത്തിലുള്ള വിവാഹമോചനവുമാണ് ഇന്നു നടക്കുന്നത്. ഒന്നിനും കുറവില്ലെന്നു പറയുന്ന ദമ്പതികൾക്കിടയിൽ സ്നേഹം ഇല്ലെന്നതാണ് വഴിപിരിയലിന് ആധാരം! ഭൗതികമായി സകലതും നേടിയപ്പോഴും ആത്മീയമായി നാം വളരാതെ പോകുന്നു. 'സമ്പാദ്യം തുല്യമാണ്, പിന്നെന്തിനു ഞാനിത്ര വേലിക്കെട്ടിൽ ജീവിക്കുന്നു'വെന്ന ഒരു തോന്നൽ നവദമ്പതികൾക്കു വന്നുപെട്ടുവോ? ഹണിമൂൺ പെട്ടെന്നുതന്നെ ബിറ്റർമൂഡിലേക്കെത്തുന്നത് ചിന്തയ്ക്കു വിധേയമാക്കണം. ദാമ്പത്യം അമൂല്യമാണെന്ന് നമുക്കുമുമ്പേ ജീവിച്ചവർ പറഞ്ഞും പ്രവർത്തിച്ചും കാണിച്ചുതരുമ്പോൾ എന്തേ ആധുനികതലമുറ പാശ്ചാത്യാനുകരണത്തിൽപ്പെട്ടുഴലുന്നു?

**മരണംവരെ ഒന്നിച്ചുജീവിക്കണമെങ്കിൽ രണ്ടു വ്യക്തിത്വങ്ങളും അല്പം വെട്ടിയൊരുക്കപ്പെടേണ്ടിവരും; ദൈവാധീനതയിൽ മനസ്സുറപ്പിച്ചാൽ ദൈവം നമ്മെ വെട്ടിയൊരുക്കുന്നതു തിരിച്ചറിയാനും ബന്ധങ്ങളെ അനുനിമിഷം ബലപ്പെടുത്താനുമാകും.**

വിദ്യാഭ്യാസവും തൊഴിലവസരങ്ങളും ജീവിതസൗകര്യങ്ങളും വർധിച്ചുവെങ്കിലും ആരും ആരോടും പ്രതിബദ്ധതയില്ലാത്ത വിധം ജീവിതം ജീവിച്ചുതീർക്കുന്ന അവസ്ഥയാണിന്ന്. ആരിലും ചെറുതല്ലായെന്ന ഒരു മിഥ്യാധാരണ നമ്മുടെ വ്യക്തിത്വങ്ങളിൽ വന്നുപെട്ടതുനിമിത്തം നാമാരെയും 'മൈൻഡു ചെയ്യാൻ' തയ്യാറല്ല. 'സമ്പത്തുണ്ട്, കഴിവുണ്ട്, പിന്നെ ഞാനെന്തിനു നീക്കുപോക്കിനു തയ്യാറാകണമെന്നു' ചിന്തിക്കുന്നവരും ഇന്നു കുറവല്ല.

കുടുംബജീവിതത്തിന്റെ ഭദ്രത താറുമാറാകുന്നതിലേക്ക് ഡിജിറ്റൽകാലം മാറുമ്പോൾ നമ്മുടെ ചുറ്റും അതിന്റേതായ അസ്വാരസ്യങ്ങൾ ദൃശ്യമാണ്. ജീവിതം മത്സരപാതയിലേക്കു മാറിയിരിക്കുന്നു. ഇത് ആശങ്കാജനകമാണ്. 'സുഖമല്ലെങ്കിൽ മരണം' എന്ന ബാലിശമായ മരണസംസ്കാരം കടന്നുവരുന്നു. ഒഴുക്കിനെതിരേ നീന്തുകയെന്ന ആത്മധൈര്യം ഇന്നില്ലാതെ പോകുന്നു. തരണം ചെയ്തു പിടിച്ചുനിൽക്കാൻമാത്രം മനോബലം ആർക്കുമില്ല. വഴക്കുപറഞ്ഞാൽ ജീവിതത്തിൽനിന്നുതന്നെ ഒളിച്ചോടുന്ന 'മെഴുകുമനസ്സി'ന്റെ ഉടമകളായി പുതുതലമുറ മാറുന്നതിലെ അപകടം ഇനിയെങ്കിലും തിരിച്ചറിയണം.

സ്നേഹിക്കുകയും ജീവിതവിഷമതകൾ അന്യോന്യം പങ്കുവയ്ക്കുകയും ചെയ്യുന്ന വ്യക്തിത്വങ്ങളായി ദമ്പതികൾ വളരണം. നല്ലയാളെ വിവാഹം ചെയ്യണമെന്നുള്ള തീക്ഷ്ണതയ്ക്കൊപ്പം വിവാഹത്തിൽ നല്ലയാളായിരിക്കാനുള്ള കടമയും ഓരോ വ്യക്തിക്കുമുണ്ട്. പണാധിപത്യത്തെക്കാൾ സ്നേഹാധിപത്യം ദമ്പതികളിൽ വളരണം. അഹങ്കാരത്തെക്കാൾ വിനയം കൈമുതലാകണം. കണ്ണുകൊണ്ടുള്ള കാഴ്ചയെക്കാൾ ഹൃദയംകൊണ്ടു കാണുന്ന ആത്മാർഥത സ്വന്തമാക്കണം. വിമർശനത്തെക്കാൾ ദാമ്പത്യവിജയം ദമ്പതികൾ ലക്ഷ്യംവയ്ക്കണം. മരണംവരെ ഒന്നിച്ചുജീവിക്കണമെങ്കിൽ രണ്ടു വ്യക്തിത്വങ്ങളും അല്പം വെട്ടിയൊരുക്കപ്പെടേണ്ടിവരും; ദൈവാധീനതയിൽ മനസ്സുറപ്പിച്ചാൽ ദൈവം നമ്മെ വെട്ടിയൊരുക്കുന്നതു തിരിച്ചറിയാനും ബന്ധങ്ങളെ അനുനിമിഷം ബലപ്പെടുത്താനുമാകും. ഒന്നിച്ചുജീവിച്ചു കൊതിതീർന്നിട്ടില്ലെന്ന് 'സെഞ്ചുറി'യുടെ നിറവിലും പറയാനുള്ള തീക്ഷ്ണത ദാമ്പത്യത്തിനുണ്ടാകണം. ദൈവപദ്ധതികളുടെ ദൗത്യവാഹകരാണ് മനുഷ്യരെന്നു മറക്കരുത്. സ്വർഗം നടത്തുന്ന പദ്ധതികൾ സ്വർഗീയമാക്കുന്നതിൽ വിവാഹജീവിതത്തിനുള്ള പങ്ക് അതുല്യവും അമൂല്യവുമാണ്. ആത്മസ്നേഹത്തിന്റെ തീവ്രത പരസ്നേഹത്തിലേക്കു പടരണം. സ്വാർഥത പങ്കുവയ്ക്കലിലേക്കു ചുവടുമാറ്റണം. വികാരങ്ങൾ വിവേകത്തിനൊപ്പം വിശുദ്ധിയിൽ വേരൂന്നണം. ദമ്പതികളുടെ ഭാഷ ദൈവത്തിന്റെ ഭാഷയാകണം; ദൈവത്തിന്റെ ഭാഷയ്ക്കു ദേശഭേദമോ കാലഭേദമോ ഇല്ല. അതു സ്നേഹത്തിൽ തുടങ്ങി സ്നേഹത്തിൽ അവസാനിക്കുന്നു.




11-ാം പേജ് തുടർച്ച

"ആനന്ദൻ സാർ എന്തോ മോശമായിട്ടു റ്റീച്ചറോട് പെരുമാറി. റ്റീച്ചറു പൊട്ടിത്തെറിച്ചു. അതോടെ സാറിന്റെ ശത്രുവായി അവള്. അങ്ങനെയിരിക്കെ അഭിഷേകുമായി അവൾ പ്രണയമാണെന്ന് ഇവിടുത്തെ ഏതോ റ്റീച്ചേഴ്സ് ആനന്ദൻസാറിന്റെ ചെവിയിലെത്തിച്ചു. അതോടെ സാറിനു പകയായി. സാറു വിളിച്ചു വാണിങ് കൊടുത്തു. അങ്ങനെയിരിക്കുമ്പഴാ അവള് ഒരു ദിവസം അമ്പലത്തിൽ പോയിട്ടു തിരിച്ചു വരുമ്പം അഭിഷേകിന്റെ കാറിൽ ഹോസ്റ്റലിൽ വന്നിറങ്ങുന്നത് ചില റ്റീച്ചേഴ്സ് കണ്ടത്. അത് അപ്പഴേ സാറിന്റെ ചെവീലെത്തി. ആ ദേഷ്യത്തിലാ അഭിഷേക് അമേരിക്കയ്ക്കു പോയപ്പം അവളെ ഇവിടെനിന്നു പറഞ്ഞുവിട്ടത്. വാങ്ങിച്ച അഞ്ചുലക്ഷം തിരിച്ചുകൊടുത്തുമില്ല. ജോലി പോയ കാര്യം വീട്ടിലറിയിക്കാതെ അവള് തിരുവല്ലയിൽ ഒരു വീട്ടിൽ കുറേനാൾ വീട്ടുജോലിക്കുനിന്നു. വീട്ടിൽ പറയാതെയാണ് പോന്നതെന്ന് എങ്ങനെയോ അറിഞ്ഞ വീട്ടുകാര് ആളെ വിളിച്ചുവരുത്തി അവളെ പറഞ്ഞുവിട്ടു. സ്കൂളിലെ ജോലി പോയീന്നും കൊടുത്ത അഞ്ചുലക്ഷം തിരിച്ചുകിട്ടില്ലെന്നും അറിഞ്ഞതോടെ അവളുടെ അച്ഛൻ ഹാർട്ട് അറ്റാക്കു വന്നു മരിച്ചു."

"പിന്നീടെങ്ങനെയാ അവരു വീണ്ടും നമ്മുടെ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിക്കു കയറീത്?"

അച്ഛൻ മരിച്ചതോടെ അവളു വീട്ടിൽ ഒറ്റപ്പെട്ടു. എല്ലാരും അവളെ കുറ്റപ്പെടുത്താൻ തുടങ്ങി. വീട്ടിൽ നിൽക്കാൻ പറ്റാതായപ്പം എന്തെങ്കിലും ജോലി സംഘടിപ്പിച്ചു തരാമോന്നു ചോദിച്ചു കരഞ്ഞുപിഴിഞ്ഞ് എന്റടുക്കൽ വന്നു. എന്റെ ഹസ്ബന്റ് ഇവിടെ ന്യൂ ഫാഷൻ ടെക്സ്റ്റയിൽസിൽ സെയിൽസ്ഗേളായിട്ടു ജോലി വാങ്ങിക്കൊടുത്തു. അതറിഞ്ഞ ആനന്ദൻ സാർ അവളെ വിളിച്ച് കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി കൊടുക്കുകയായിരുന്നു. അതൊരു ചതിയായിരുന്നോന്ന് എനിക്കിപ്പം സംശയമുണ്ട്."

"രാജേഷുമായി ഇന്ദു പ്രണയത്തിലായിരുന്നോ?"

"എന്നോടൊന്നും പറഞ്ഞിട്ടില്ല. എല്ലാ കാര്യങ്ങളും അവളു പറയാറുള്ളതാ. ഇതു പറഞ്ഞിട്ടില്ല."

"ഇന്ദു ഇപ്പം എവിടുണ്ടെന്ന് അറിയാമോ?"

"ഇല്ല. പത്രത്തിൽ വാർത്ത വന്ന അന്ന് എന്നെ വിളിച്ചിരുന്നു; കുറച്ചുദിവസം എന്റെ കൂടെ താമസിക്കാൻ സൗകര്യം തരാമോന്നു ചോദിച്ചു. ഹസ്ബന്റിന് ഇഷ്ടമല്ലാത്തതുകൊണ്ട് ഞാൻ പറ്റില്ലാന്നു പറഞ്ഞു. സത്യത്തിൽ എനിക്കും അവളോട് അപ്പം ഭയങ്കര ദേഷ്യം തോന്നിയിരുന്നു. രണ്ടുദിവസം കഴിഞ്ഞ് സഹതാപംതോന്നി ഞാൻ അവളെ വിളിച്ചപ്പം ഫോൺ സ്വിച്ചോഫാ. ഹോസ്റ്റലിൽ വിളിച്ചപ്പം അവള വിടെനിന്നു പോയീന്നു പറഞ്ഞു. ഇപ്പം എവിടാന്ന് അറിയില്ല."

"രാജേഷിന്റെകൂടെ പോയതാവുമോ?"

"ഏയ്. അങ്ങനാണെങ്കിൽ എന്നെ വിളിക്കേണ്ട കാര്യമില്ലല്ലോ. അതിലെന്തോ ചതിയുണ്ടെന്നാ എന്റെ വിശ്വാസം. ആനന്ദൻ സാർ അവളെ ഈ നാട്ടീന്ന് ഓടിക്കാൻവേണ്ടി ചെയ്തതാവും. പശ്ചാത്താപം തോന്നീട്ടൊന്നുമാവില്ല വിളിച്ചു ജോലി കൊടുത്തത്."

"ഇത്രയും കാര്യങ്ങൾ പറഞ്ഞതിനു നന്ദി റ്റീച്ചർ. പോട്ടെ."

"ഞാനീ പറഞ്ഞതൊന്നും നമ്മൾ രണ്ടുപേരുമല്ലാതെ വേറാരും അറിയരുതേ."

"ഒരിക്കലുമില്ല. റ്റീച്ചറിനെന്നെ വിശ്വസിക്കാം."

യാത്ര പറഞ്ഞിട്ട് അഭിഷേക് തിരിഞ്ഞുനടന്നു. ഇനി രാജേഷിനെ കണ്ടെത്തണം. അവന്റെ ഫോൺ സ്വിച്ചോഫാണ്. അതുകൊണ്ടുതന്നെ സംശയം വർധിക്കുന്നു. അച്ഛനും രാജേഷുംകൂടി നടത്തിയ ഗൂഢാലോചനയിലാണോ ഇന്ദു അപമാനിതയായത്?"

(തുടരും)

# സ്ലീവായുടെ ദിവ്യരഹസ്യം

***കർദിനാൾ റോബർട്ട് സറാ രചിച്ച 'ആദ്ധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.***

**15**



**ഫാ. കുര്യാക്കോസ് നരിതൂക്കിൽ**

നമ്മുടെ കർത്താവീശോമിശിഹായുടെ സഹനത്തെയും കുരിശുമരണത്തെയും സംബന്ധിച്ച ദിവ്യരഹസ്യങ്ങളെക്കുറിച്ചു ദീർഘമായി പ്രതിപാദിച്ചുകൊണ്ടാണ് കർദിനാൾ സറാ ഈ അധ്യായം ആരംഭിക്കുന്നത്.

**സ്ലീവായുടെ ദിവ്യരഹസ്യം**

ദൈവം മനുഷ്യനായത് നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടിയാണ്. ദൈവത്തിന് അർഹമായ മഹത്ത്വമോ പ്രതാപമോ മനുഷ്യത്വം സ്വീകരിച്ച ദൈവപുത്രൻ നിലനിറുത്തിയില്ല; മറിച്ച്, സ്വയം ശൂന്യവത്കരിച്ച് വിനയത്തിന്റെയും പീഡകളുടെയും പാതയാണ് അവിടുന്ന് ഏറ്റെടുത്തത്. പിതാവായ ദൈവത്തോടുള്ള സ്നേഹവും മനുഷ്യരാശിയോടുള്ള സ്നേഹവും പ്രകടമാക്കാൻ ഈശോമിശിഹാ പീഡകൾ സഹിക്കുകയും കുരിശിൽ മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്തു. "ഒരുവൻ തന്റെ സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (വി. യോഹ. 15: 13).

"നിങ്ങൾ രക്ഷിക്കപ്പെട്ടത് നശ്വരമായ പൊന്നോ വെള്ളിയോ കൊണ്ടല്ല. കറയും കളങ്കവുമില്ലാത്ത മിശിഹായുടെ അമൂല്യരക്തം കൊണ്ടാണെന്നു നിങ്ങൾക്ക് അറിയാമല്ലോ" (1 പത്രോ. 1: 19).

ഈശോയെ മരണത്തിനു വിധിക്കണമെന്നു മുറവിളികൂട്ടിയവരോട്, 'ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല' എന്നു പറഞ്ഞുകൊണ്ട് കൈകഴുകിയ പീലാത്തോസിനോട് ജനം ഒന്നടങ്കം വിളിച്ചുപറഞ്ഞു: "അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്താനങ്ങളുടെമേലും ആയിരിക്കട്ടെ" (മത്താ. 27:25). യഹൂദരുടെ ഈ ശാപവാക്കുകളെ പന്തക്കുസ്താദിനത്തിൽ കർത്താവ് അനുഗ്രഹവചസ്സുകളായി പരിണമിപ്പിച്ചു എന്ന് വിശുദ്ധ ആഗസ്തീനോസ് പറയുന്നു. ഒറ്റ ദിവസംകൊണ്ട് അവരും അവരുടെ സന്തതികളുമായ മൂവായിരം പേരാണ് ഈശോയുടെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടത്. വിശുദ്ധ ആഗസ്തീനോസിന്റെ അതേ രീതിയിൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ പാപ്പാ ഇതേവാക്യം (മത്താ. 27: 25) വ്യാഖ്യാനിക്കുന്നുണ്ട്. മിശിഹായുടെ രക്തം പ്രതികാരമോ ശിക്ഷയോ ആവശ്യപ്പെടുന്നില്ലായെന്നും അത് എല്ലാവരുടെയും രക്ഷയ്ക്കായി ചിന്തിയ അനുരഞ്ജനത്തിന്റെ തിരുരക്തമാണെന്നും അദ്ദേഹം എഴുതുന്നു. ദൈവസ്നേഹത്തിന്റെ പാരമ്യമായ ഈ രക്ഷാകരബലിയുടെ മുമ്പിൽ ദൈവത്തെ ആരാധിക്കാനും സ്തുതിക്കാനും മഹത്ത്വപ്പെടുത്താനും കൃതജ്ഞത അർപ്പിക്കാനും എളിയവരും ബലഹീനരുമായ നമുക്കു കഴിയണം എന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു.

**എന്തുകൊണ്ട് ഇത്രയും വേദന നിറഞ്ഞ പീഡാസഹനം?**

ശിഷ്യപ്രമുഖനായ വി. പത്രോസ്ശ്ലീഹായ്ക്ക് മിശിഹായുടെ സഹനത്തെക്കുറിച്ചുള്ള മുന്നറിയിപ്പു മനസ്സിലാക്കാൻ സാധിച്ചില്ല. ഈശോയോടു പത്രോസ് പറഞ്ഞു: "ഇതു സംഭവിക്കാതിരിക്കട്ടെ (വി. മത്താ. 16: 20). ഈശോയുടെ കുരിശുമരണത്തിനുശേഷം എമ്മാവൂസിലേക്കു പോയ രണ്ടുശിഷ്യന്മാരുടെയും ചർച്ചാവിഷയം കുരിശുമരണം തന്നെയായിരുന്നു. ഈശോ ഒരപരിചിതനെപ്പോലെ അവരോടൊപ്പം നടക്കുകയും അവരെ ശാസിക്കുകയും പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും ആവശ്യമാണെന്ന് അവർക്കു ബോധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു (വി. ലൂക്കാ. 24: 17-22).

ദൈവം സ്നേഹമാകുന്നു (1 യോഹ. 4 : 8). ദൈവപുത്രനായ മിശിഹായുടെ സഹനവും മരണവുമാണ് സ്നേഹത്തിന്റെ ഏറ്റവും ഉദാത്തമായ പ്രകാശനം. ഈശോയെ കാണാൻ സക്കേവൂസിന് ഒരു വൃക്ഷത്തിന്റെ ഉച്ചിയിൽ കയറേണ്ടിവന്നു. രക്ഷയുടെ വൃക്ഷമായ സ്ലീവായുടെ ഉച്ചിയിൽനിന്നു വീക്ഷിച്ചാലേ ദൈവസ്നേഹത്തിന്റെ പാരമ്യം ദർശിക്കാൻ നമുക്കു സാധ്യമാകൂ എന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു.




**സ്ലീവായാണ് ചരിത്രത്തിന്റെ കേന്ദ്രബിന്ദു**

സ്ലീവായ്ക്കു ചുറ്റുമാണ് പ്രപഞ്ചം മുഴുവനും കറങ്ങുന്നതെന്ന ഒരു ലത്തീൻ ചൊല്ലിനെയാണ് ഗ്രന്ഥകാരൻ ഇവിടെ അനുസ്മരിക്കുന്നത്. മറ്റു മതങ്ങളിൽനിന്നു ക്രിസ്തുമതത്തെ വ്യത്യസ്തമാക്കുന്നത് പീഡകൾ സഹിക്കുകയും കുരിശിൽ മരിക്കുകയും ചെയ്യുന്ന ദൈവപുത്രന്റെ ദിവ്യരഹസ്യമാണ്. ഈ വ്യത്യാസത്തെ മറന്നുകൊണ്ട് മതങ്ങളെല്ലാം സമാനങ്ങളാണെന്ന കാഴ്ചപ്പാട് വച്ചുപുലർത്തുന്നതിനെ കർദിനാൾ സറാ ചോദ്യം ചെയ്യുന്നുണ്ട്.

സ്ലീവായാണ് മിശിഹായുടെ അനുയായിയുടെ മുഖമുദ്ര. മറ്റുള്ളവരെ ദൈവം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനും അവരോട് ദൈവം ക്ഷമിക്കുന്നതുപോലെ ക്ഷമിക്കാനും ആഹ്വാനം ചെയ്യുന്നത് ഈ സ്ലീവായാണ്.

**രോഗങ്ങൾ**

രോഗങ്ങളും അതുവഴിയുള്ള വേദനകളും മിശിഹായുടെ സഹനത്തോടു ചേർത്തു സഹിക്കാനാണ് ആധ്യാത്മികപിതാക്കന്മാർ പഠിപ്പിക്കുന്നത്. രോഗങ്ങൾക്കുള്ള ചികിത്സയും രോഗമുക്തിയും സുവിശേഷാനുസൃതമായ പ്രവൃത്തിയാണ്.

ശരീരത്തിന്റെ ആരോഗ്യത്തിനും രോഗമുക്തിക്കുമായുള്ള പ്രാർഥനകൾ സഭാപാരമ്പര്യത്തിൽ ധാരാളമായുണ്ട്. ശരീരത്തിന്റെയും ആത്മാവിന്റെയും ആരോഗ്യത്തിനായിട്ടാണ് ഈ പ്രാർഥനകൾ അർപ്പിക്കുന്നത്. ഇപ്രകാരമുള്ള പ്രാർഥനകൾ ദൈവം സകലസൃഷ്ടികളുടെയും സ്രഷ്ടാവും പരിപാലകനുമാണെന്ന് അംഗീകരിക്കുന്നതിന്റെ തെളിവാണ്. പഞ്ഞം, പട, വസന്ത തുടങ്ങിയ ദുരന്തങ്ങളിൽനിന്നു കാത്തുകൊള്ളണമേ എന്ന പഴയകാല പ്രാർഥനകൾ നിരർഥകമല്ലെന്ന് ഈ കൊവിഡു കാലം നമ്മെ പഠിപ്പിച്ചുവെന്ന് ഗ്രന്ഥകർത്താവ് നിരീക്ഷിക്കുന്നു.

രോഗമുക്തിയും കൂദാശകളുമായുള്ള ബന്ധം കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശദമാക്കുന്നുണ്ട്: "രോഗികളെ സുഖപ്പെടുത്തുവിൻ. സഭ ഈ ദൗത്യം കർത്താവിൽനിന്നു സ്വീകരിച്ചു. രോഗികളെ ശുശ്രൂഷിച്ചുകൊണ്ടും തന്റെ മധ്യസ്ഥപ്രാർഥനകളിൽ അവരോടൊപ്പമായിരുന്നുകൊണ്ടും അതു നിർവഹിക്കാൻ അവൾ പരിശ്രമിക്കുകയും ചെയ്യുന്നു. ആത്മാക്കളുടെയും ശരീരങ്ങളുടെയും വൈദ്യനായ യേശുവിന്റെ ജീവദായകമായ സാന്നിധ്യത്തിൽ അവൾ വിശ്വസിക്കുന്നു. ഈ സാന്നിധ്യം കൂദാശകളിലൂടെ പ്രത്യേകമായവിധത്തിൽ പ്രവർത്തനനിരതമാണ്. നിത്യജീവൻ നല്കുന്ന അപ്പമായ ദിവ്യകാരുണ്യത്തിലൂടെ അത് ഏറ്റവും സവിശേഷമാംവിധം പ്രവർത്തനനിരതമായിരിക്കുന്നു. അത് ശരീരത്തിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു വിശുദ്ധ പൗലോസ് പ്രസ്താവിക്കുന്നുണ്ട്." (1509).

എല്ലാ ആരാധനക്രമത്തിലും കാർമികൻ വിശുദ്ധകുർബാന സ്വീകരണത്തിനുമുമ്പ് ആത്മാവിനും ശരീരത്തിനുംവേണ്ടി പ്രാർഥിക്കുന്നുണ്ട്.

എല്ലാ രോഗങ്ങളും സുഖമാക്കപ്പെടുന്നില്ലെന്നും മരണം സംഭവ്യമാണെന്നുമുള്ള യാഥാർഥ്യബോധം രോഗികൾക്ക് ഉണ്ടായിരിക്കേണ്ടതാണ്. ദിവ്യകാരുണ്യം തിരുപ്പാഥേയമായും നല്കുന്നുണ്ട് എന്നത് ഈ വസ്തുതയാണ് ഓർമിപ്പിക്കുന്നത്.

**രോഗീലേപനം**

മരണത്തിന് അല്പംമുമ്പുമാത്രം പരികർമം ചെയ്യേണ്ട കൂദാശയാണ് രോഗീലേപനം എന്ന മനോഭാവത്തിനു മാറ്റം വന്നിട്ടുണ്ടെന്നാണ് കർദിനാൾ സറാ എഴുതുന്നത്. ഒരു വിശ്വാസി സ്വീകരിക്കുന്ന കൗദാശികലേപനങ്ങളിൽ അവസാനത്തേത് എന്ന നിലയിൽ 'ഒടുവിലത്തെ ഒപ്രുശുമാ' എന്ന് ഈ കൂദാശയെ വിളിച്ചുപോന്നു.

രോഗികൾക്ക് ആശ്വാസവും പാപമോചനവും നല്കുന്ന പ്രാർഥനകളാണ് ഈ കൂദാശയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ, മരണം, വിധി തുടങ്ങിയ യുഗാന്ത്യചിന്തകൾ പൂർണമായും വിസ്മരിക്കപ്പെടുന്നതും ശരിയല്ല. ഇന്നത്തെ ഭൗതികമാത്ര ചിന്താഗതിയുടെ ഫലമാണത്.

മരണത്തെപ്പറ്റിയും നിത്യവിധിയെക്കുറിച്ചും നിശ്ശബ്ദത പാലിക്കുകയല്ല വേണ്ടതെന്ന് വി. പോൾ ആറാമൻ മാർപാപ്പാ 1971ൽ ചെയ്ത ഒരു പ്രസംഗത്തിൽ എടുത്തുപറയുകയുണ്ടായി. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ പറയുന്നു: "ഓരോ മനുഷ്യനും തന്റെ മരണത്തിന്റെ നിമിഷത്തിൽത്തന്നെ സ്വജീവിതത്തെ ക്രിസ്തുവിനോടു ബന്ധപ്പെടുത്തി തന്റെ അമർത്ത്യമായ ആത്മാവിൽ തന്റെ ശാശ്വതപ്രതിഫലം സ്വീകരിക്കുന്നു. ഒരു ശുദ്ധീകരണപ്രക്രിയയിലൂടെയോ നേരിട്ടോ സൗഭാഗ്യത്തിലേക്കുള്ള പ്രവേശനം, അല്ലെങ്കിൽ നേരിട്ടുള്ളതും ശാശ്വതവുമായ ശിക്ഷയിലേക്കുള്ള പ്രവേശനം" (1022).

രോഗീലേപനംവഴി ഒരു വിശ്വാസി തന്റെ രോഗവും സഹനവും മിശിഹായുടെ സഹനത്തോടും കുരിശുമരണത്തോടും താദാത്മ്യപ്പെടുത്താൻ പ്രാപ്തനായിത്തീരുന്നു. മരണം പ്രത്യാശയാണ്. മരണം പരിശുദ്ധ ത്രിത്വത്തോടൊപ്പം ഉത്ഥാനംവഴി നിത്യസൗഭാഗ്യം അനുഭവിക്കാനുള്ള ഒരു കവാടമായി പരിണമിക്കുന്നു. ക്രൂരമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കപ്പെട്ട അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് പറഞ്ഞു: "ലോകം മുഴുവൻ അടക്കിവാഴുന്നതിലും മനോഹരമായിട്ടുള്ളത് മിശിഹായോട് എന്നെ ഒന്നിപ്പിക്കുന്ന മരണമാണ്." ■

**കവിത**

## അമ്മമലയാളം

**ജോർജുകുട്ടി താവളം**

എന്മലയാളമെന്നമ്മയ്ക്കു തുല്യമാം
നന്മകളേറെ നിറഞ്ഞ മനോഹരി
മറ്റുള്ള ഭാഷകളെത്രയെന്നാകിലും
ചിറ്റമ്മമാർ മാത്രമാം നമുക്കെപ്പൊഴും
ആംഗലേയത്തെപ്പെറ്റമ്മയ്ക്കുമപ്പുറം
ആരാധ്യയായ്ക്കാണും പുത്തൻതലമുറ
അമ്മയാം കൈരളി തൻ വ്യഥയെന്തെന്ന-
തല്പവും ചിന്തിച്ചിടുന്നില്ല കഷ്ടമേ!



സനിൽ പി. തോമസ്

# ഇന്ത്യൻ ഫുട്ബോളിലെ 'സൂപ്പർത്രയം' ഓർമയായി

"ഒളിമ്പിക് ഫുട്ബോളിൽ ഹാട്രിക് നേടിയ ഇന്ത്യക്കാരൻ ആരാണ്?'' നാല് ഉത്തരങ്ങൾ കമ്പ്യൂട്ടറിൽ തെളിഞ്ഞു: നെവിൽ ഡിസൂസ, പി.കെ. ബാനർജി, ഷബീർ അലി, ശൈലൻ മന്ന. 'കോൻ ബനേഗ കരോർപതി' എന്ന ടെലിവിഷൻ ക്വിസ് പരിപാടിയിൽ മത്സരിച്ച രമേശ് ദുബേയോട് അമിതാഭ് ബച്ചൻ ചോദിച്ചു. കൊൽക്കത്തയിൽ വ്യാപാരിയായ ദുബേ അതുവരെയുള്ള ചോദ്യങ്ങൾക്കെല്ലാം കൃത്യമായി മറുപടി പറഞ്ഞ് 50 ലക്ഷം രൂപയ്ക്ക് അർഹനായിരുന്നു. അവസാനചോദ്യമാണ് മേല്പറഞ്ഞത്. അതിനു ശരിയായ ഉത്തരം നൽകിയാൽ രമേശ് ദുബേയ്ക്ക് ഒരു കോടി ലഭിക്കും. തെറ്റിയാൽ നേടിയ 50 ലക്ഷം നഷ്ടപ്പെടും.

ചോദ്യം കേട്ട് ദുബേ മാത്രമല്ല, ലക്ഷക്കണക്കിനു പ്രേക്ഷകരും അമ്പരന്നു. അതിന് ഇന്ത്യ ഒളിമ്പിക് ഫുട്ബോളിൽ പങ്കെടുത്തിട്ടുണ്ടോ? തികഞ്ഞ ഫുട്ബോൾ പ്രേമികൾപോലും ചോദിച്ചു. ശരിയുത്തരം നൽകിയാൽ സ്റ്റാർ ടി.വിയുടെ ഈ പരിപാടിയിലെ ആദ്യ കരോർപതി (കോടീശ്വരൻ) ആകും, ദുബേ. ആരെയെങ്കിലും ഒരാളെ വിളിച്ച് സംശയം ചോദിക്കാൻ അവസരമുണ്ട്. പക്ഷേ, അതിനു തുനിയാതെ, അഥവാ സാഹസത്തിനു മുതിരാതെ ദുബേ 50 ലക്ഷവുമായി പിൻവാങ്ങി. രണ്ടായിരമാണ്ടിലായിരുന്നു സംഭവം. 23 വർഷം പിന്നിടുന്നു. ഇന്ത്യൻ ഫുട്ബോളിൽ ഇങ്ങനെയൊരു കാലമുണ്ടായിരുന്നെന്ന് അന്നും ഇന്നും എത്രപേർ ഓർക്കും?

1956 ലെ മെൽബൻ ഒളിമ്പിക്സിൽ ഇന്ത്യൻ ഫുട്ബോൾ ടീം സെമിയിൽ കടന്നിരുന്നു. ഈ നേട്ടം കൈവരിച്ച ആദ്യ ഏഷ്യൻ രാജ്യം. ആതിഥേയരായ ഓസ്ട്രേലിയയെ ഇന്ത്യ 4-2 ന് പരാജയപ്പെടുത്തിയപ്പോഴാണ് ഹാട്രിക് പിറന്നത്. മഹാരാഷ്ട്രയുടെ നെവിൽ ഡിസൂസയാണ് ഹാട്രിക് നേടിയത്. ആ പേരിന്റെ വില 50 ലക്ഷം രൂപ. നെവിലിന്റെ സഹോദരൻ ഡെറിക് ഡിസൂസയെ 1987 - 88 മുതൽ പരിചയമുണ്ട്. കൊല്ലത്ത് സന്തോഷ് ട്രോഫിയിൽ പങ്കെടുത്ത മഹാരാഷ്ട്ര ടീമിന്റെ പരിശീലകനായിരുന്നു ഡെറിക്. അന്നു പരിചയപ്പെട്ടതാണ്. 1990 കളിൽ അദ്ദേഹം ഇന്ത്യൻ കോച്ചായി. നെവിലിന്റെ പേരിന് 50 ലക്ഷം രൂപ വിലയുള്ള കാര്യം ചൂണ്ടിക്കാട്ടിയപ്പോൾ, അകാലത്തിൽ പൊലിഞ്ഞ സഹോദരനെക്കുറിച്ച് ഡെറിക് പറഞ്ഞു: "മരിക്കുമ്പോൾ, ഇന്ത്യൻ ഫുട്ബോൾ താരമെന്ന നിലയിൽ നെവിലിന് കിട്ടിയിരുന്ന പ്രതിമാസപെൻഷൻ 400 രൂപയായിരുന്നു."

1956 മുതൽ 1962 വരെയാണ് ഇന്ത്യൻ ഫുട്ബോളിന്റെ സുവർണകാലഘട്ടമായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാലത്ത് ലോകം ശ്രദ്ധിച്ച ഇന്ത്യൻടീമിലെ മുന്നേറ്റനിരയിലെ ത്രിമൂർത്തികളായിരുന്നു പി.കെ. ബാനർജിയും ചുനി ഗോസ്വാമിയും തുളസീദാസും ബലറാമും. പി.കെയും ബലറാമും നെവിലിന് ഒപ്പം കളിച്ചവരും ചുനി പിന്നാലെയെത്തിയയാളും. ബലറാം ഫെബ്രുവരി 16 ന് എൺപത്താറാം വയസ്സിൽ അന്തരിച്ചു. പി.കെ. ബാനർജി



2020 മാർച്ച് 20 നും ചുനി ഗോസ്വാമി 2020 ഏപ്രിൽ 30 നും അന്തരിച്ചു. ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച ആ മുന്നേറ്റനിര ഇനി ഓർമ മാത്രം.

മെൽബൻ ഒളിമ്പ്ക്സിൽ നെവിൽ ഡിസൂസയ്ക്കൊപ്പം പി.കെ. ബാനർജിയും തുളസീദാസ് ബലറാമും ഇന്ത്യൻടീമിൽ ഉണ്ടായിരുന്നു. എന്നാൽ, 1960 ലെ റോം ഒളിമ്പിക്സിലും തുടർന്ന് 1962 ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിലും നെവിൽ ടീമിൽ എത്തിയില്ല. ചുനി ഗോസ്വാമി ഇന്ത്യൻ മുന്നേറ്റനിരയിലെ മൂർച്ചയുള്ള പോരാളിയായി. തമിഴ്നാട്ടിൽനിന്ന് ആന്ധ്രയിലേക്കു കുടിയേറിയ കുടുംബാംഗമാണ് ബലറാം. ജനിച്ചത് സെക്കന്തരാബാദിൽ. പി.കെ.യും ചുനിയും ബംഗാളിൽ കളിച്ചു വളർന്നവരും. പി.കെ. റെയിൽവേസ് താരമായാണ് തിളങ്ങിയത്. ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച ഫുട്ബോൾ പരിശീലകൻ എസ്.എ. റഹിമാണ് പി.കെ. ചുനി - ബലറാം ത്രയത്തെ വാർത്തെടുത്തത്. ആദ്യ രണ്ടുപേർ ആക്രമണത്തിൽ മാത്രം ശ്രദ്ധിച്ച ഫോർവേഡുകളാണെങ്കിൽ ബലറാം ഏതു പൊസിഷനിലും കളിക്കുമായിരുന്നു. 1962 ൽ ജർനെയ്ൽസിങ്ങിനു പരിക്കേറ്റപ്പോൾ അദ്ദേഹത്തെ പ്രതിരോധനിരയിൽനിന്നു മുന്നേറ്റനിരയിലേക്കു കൊണ്ടുവന്ന കോച്ച് റഹിം ബലറാമിനെ മധ്യനിരയിലേക്കു വലിച്ചത് ബലറാമിന്റെ ഓൾറൗണ്ട് മികവ് മനസ്സിലാക്കിത്തന്നെയാണ്.

റോം ഒളിമ്പിക്സും ജക്കാർത്ത ഏഷ്യൻ ഗെയിംസുമാണ് പി.കെ. - ചുനി - ബലറാം ത്രയത്തിന്റെ മികവ് തെളിയിച്ചത്. ഇന്ത്യൻ ഫുട്ബോളിനെ ലോകം ശ്രദ്ധിച്ചൊരു കാലത്തെ സൂപ്പർത്രയം. ഫിഫ റാങ്കിങ് തുടങ്ങിയിട്ടില്ലായിരുന്നതിനാൽ 1960 ലെ റോം ഒളിമ്പിക്സിൽ ഇന്ത്യ ചെന്നുപെട്ടത് അതിശക്തരായ ഹംഗറിയും ഫ്രാൻസും പെറുവും ഉൾപ്പെട്ട മരണഗ്രൂപ്പിൽ. ഹംഗറിക്കെതിരെ ബലറാമും (1-2) ഫ്രാൻസിനെതിരെ പി.കെ. ബാനർജിയും (1-1) ഗോൾ നേടി. പി.കെ. ഇന്ത്യൻ നായകനുമായിരുന്നു.

1962 ൽ ജക്കാർത്തയിൽ ഇന്ത്യ ഏഷ്യൻ ഗെയിംസ് ഫുട്ബോൾ സ്വർണം നേടിയപ്പോൾ ചുനി ഗോസ്വാമിയായിരുന്നു നായകൻ. ആദ്യകളിയിൽ ദക്ഷിണ കൊറിയയോടു പരാജയപ്പെട്ട ഇന്ത്യ രണ്ടാം മത്സരത്തിൽ തായ്‌ലാൻഡിനെ പരാജയപ്പെടുത്തി (4-1) മടങ്ങിവന്നു. പി.കെ. ബാനർജി രണ്ടുഗോളും ചുനിയും ബലറാമും ഓരോ ഗോളും നേടി. അടുത്ത കളിയിൽ ഇന്ത്യ ജപ്പാനെ തോല്പിച്ചപ്പോൾ (2-0) പി.കെയും ബലറാമും ലക്ഷ്യം കണ്ടു.

ദക്ഷിണ വിയറ്റ്നാമായിരുന്നു സെമിയിൽ എതിരാളികൾ. ഇന്ത്യ 3-2 നു വിജയിച്ചു. ചുനി ഗോസ്വാമി രണ്ടു ഗോൾ നേടി. മൂന്നാമത്തെ ഗോൾ ജർനെയ്ൽസിങ്ങാണു സ്കോർ ചെയ്തത്. പ്രാഥമികറൗണ്ടിൽ ഇന്ത്യയെ തോല്പിച്ച ദക്ഷിണ കൊറിയയായിരുന്നു ഫൈനലിലെ എതിരാളികൾ. അതിലേറെ, ഇന്തോനേഷ്യയിലെ കാണികൾ ഒന്നടങ്കം ഇന്ത്യയ്ക്ക് എതിരായിരുന്നു എന്നതാണ്. അവർ കൂക്കുവിളിച്ചു. വിജയം മാത്രം ലക്ഷ്യമിട്ടുള്ള കുതിപ്പാണ് 'റഹിമിന്റെ കുട്ടികൾ' തുടക്കംമുതൽ കാഴ്ചവച്ചത്. പതിനേഴാം മിനിറ്റിൽ പി.കെ. ബാനർജി ഇന്ത്യയെ മുന്നിൽ എത്തിച്ചു. കൊറിയൻ പ്രതിരോധതാരത്തിൽനിന്ന് പന്ത് റാഞ്ചിയെടുത്ത ബലറാം അത് ചുനി ഗോസ്വാമിക്കു കൊടുത്തു. ചുനിയുടെ പാസ് പി.കെ. സ്വീകരിച്ചു ലക്ഷ്യത്തിലെത്തിച്ചു. ഒരു ഗോൾ കൊറിയ മടക്കിയെങ്കിലും ജർനയ്ൽസിങ്ങിലൂടെ ഇന്ത്യ വിജയമുറപ്പിച്ചു(2-1). ഏഷ്യൻ ഗെയിംസ് ഫുട്ബോളിൽ ഇന്ത്യയുടെ രണ്ടാം സ്വർണം നേരത്തെ, 1951 ൽ ന്യൂഡൽഹി ഏഷ്യൻ ഗെയിംസിൽ ഇന്ത്യയായിരുന്നു ഫുട്ബോൾ ചാമ്പ്യന്മാർ.

1960 ൽ ഒളിംപിക്സ് കളിച്ച ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ ശരാശരി പ്രായം 22 വയസ്സായിരുന്നു. ആ നിരയെ ഒരു പതിറ്റാണ്ടെങ്കിലും മുന്നോട്ടുകൊണ്ടുപോകാൻ നമുക്കു കഴിഞ്ഞില്ല.

ആരോഗ്യപ്രശ്നങ്ങളും ഈസ്റ്റ് ബംഗാൾ ക്ലബ് അധികൃതരുമായുണ്ടായ അഭിപ്രായവ്യത്യാസവും ബലറാമിന്റെ ഫുട്ബോൾ ജീവിതം അവസാനിപ്പിച്ചു. നെവിൻ ഡിസൂസയും 1963 ൽ ബൂട്ട് അഴിച്ചു. അതേ വർഷം കോച്ച് റഹിം അർബുദ രോഗത്തിനു കീഴടങ്ങി. ചുനിയും പി.കെയും ഏതാനും വർഷം തുടർന്നു. ഏഷ്യൻ ഗെയിംസിലെ ഒരു വെങ്കലവും ബർദേക്കയിലെയും ഏഷ്യാകപ്പിലെയും രണ്ടാം സ്ഥാനങ്ങളും മാത്രം ബാക്കി. 1970 കളിൽ ഇന്ത്യൻ ഫുട്ബോൾ തകർച്ചയിലേക്കു ചുവടുവച്ചു. ഇപ്പോൾ ലോകറാങ്കിങ്ങിൽ 100 നുള്ളിൽ കടക്കുന്നതുതന്നെ അപൂർവം.

ലോകകപ്പിൽ 2026 ൽ 48 ടീമുകൾ മത്സരിക്കുമെങ്കിലും ഇന്ത്യയ്ക്കു സാധ്യതയില്ല. ഒളിംപിക് ബർത്തും വിദൂരം. ഏഷ്യൻ ഗെയിംസിൽത്തന്നെ നമുക്കു സാധ്യതയില്ല. ഇന്ത്യൻ സൂപ്പർ ലീഗ് മത്സരങ്ങൾക്കു ഗാലറികൾ നിറയും; ആരവം ഉയരും. പക്ഷേ, ഇന്ത്യൻ ഫുട്ബോൾ പിന്നോട്ടുതന്നെ. ഒരു ബൈച്ചുങ് ബൂട്ടിയയോ സുനിൽ ഛേത്രിയോ മാത്രം തിളങ്ങിയതല്ലാതെ ഇന്ത്യൻ ഫുട്ബോൾ രക്ഷപ്പെടില്ല. ഇന്നു കളിക്കാരിൽ പലരും ധനികരാണ്. പക്ഷേ, ഓർക്കണം, ഇതല്ലായിരുന്നു ഇന്ത്യൻ ഫുട്ബോളിന്റെ നിലവാരം. ടീമിനെ ഉണർത്താനെങ്കിലും പി.കെ. ബാനർജിയെയും ചുനി ഗോസ്വാമിയെയും ബലറാമിനെയുമൊക്കെ ഓർക്കണം. ■

# മികച്ച വിശ്വാസപരിശീലകനുള്ള അവാർഡ് കെ.കെ. ജോസഫിന്



പാലാ: പാലാ രൂപതയിലെ മികച്ച വിശ്വാസപരിശീലകന് വർഷംതോറും നല്കിവരുന്ന ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ അവാർഡിന് അന്തീനാട് ഇടവകാംഗം കാരിമലയിൽ കെ.കെ. ജോസഫ് അർഹനായി. പതിനായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.


കഴിഞ്ഞ 33 വർഷമായി വിശ്വാസപരിശീലനരംഗത്തു സജീവമായി പ്രവർത്തിച്ചുവരുന്ന ഇദ്ദേഹം 12 വർഷം സൺഡേ സ്കൂൾ പ്രഥമാധ്യാപകനായും സേവനം ചെയ്തു. സംസ്ഥാന വിദ്യാഭ്യാസവകുപ്പിൽ രാമപുരം ഉപജില്ല വിദ്യാഭ്യാസ ഓഫീസറാണ്. ഇടവക പാരീഷ് കൗൺസിൽ സെക്രട്ടറിയുമാണ്. ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സറ്റൻഷൻ ഓഫീസറായും വിദ്യാഭ്യാസവകുപ്പിൽ അധ്യാപകനായും അധ്യാപകപരിശീലകനായും ഹെഡ്മാസ്റ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സാമൂഹികപ്രവർത്തനരംഗത്തും സജീവമായി പ്രവർത്തിക്കുന്ന ജോസഫ് നല്ലൊരു കർഷകൻകൂടിയാണ്.

കരൂർ ഗവൺമെന്റ് സ്കൂൾ ഹെഡ്മിസ്ട്രസ് താരമ്മ ജോസഫാണ് ഭാര്യ. ജ്യോതിസ്, തേജസ്, ജയ്റസ്, ജ്യോത്സന എന്നിവർ മക്കളാണ്. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അവാർഡ് സമ്മാനിച്ചു.


Deepanalam Weekly
RNI No : 16998/68
Vol. 56 No. 1 Date of Publication 23 Feb 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731

Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS



916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



60 Years Trust
KTS PRODUCTS
SINCE 1995

# Tastit
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

34 വർഷത്തെ സേവനപാരമ്പര്യം
# നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259

HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation, Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

Foam Settee, Cushions, Divan Coat, Bed, Pillow, Curtain Work, Vinyl Flooring, Roller-Vertical-Vinitial-Zebra, P.V.C., Blinds, Wood, Synthetic-Decorative Photo Framing, Photo Lamination, Ready made curtains etc...
Branded Curtain, Blinds & Photo Frame

നാലു പതിറ്റാണ്ടു കാലത്തെ വിശ്വസ്ത സേവനപാരമ്പര്യം
# ജോൺസൺ ഫർണീഷിംഗ്
ആലനോലി ബിൽഡിംഗ്സ്, രാമപുരം
Mob: 9447803477
Prop: സോബി ആലനോലിക്കൽ

കർട്ടൻ, സെറ്റികൾ, കുഷ്യനുകൾ എന്നിവ വീടുകളിൽവന്ന് അളവ് എടുത്ത് തയ്ച്ച് ഫിറ്റ് ചെയ്തുകൊടുക്കുന്നു


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org